# കാർമ്മൽ

QUARTERLY

CARMEL



OCTOBER

1956

വാൎഷം 9 പു. 9

ത്രൈമാസികം

ലക്കം 4

ഒക്ടോബർ — 1956

# കാർമ്മൽ

വർഷം 9 പു. 9 | ഒക്ടോബർ 1956 | ലക്കം 4

## വി. അമ്മ ത്രേസ്യായുടെ പ്രേഷിതചൈതന്യം

മൌതിക (മിസ്റ്റിക്ക്) ജീവിതത്തിൻെറ അത്യുച്ചിയിൽ വസിച്ചിരുന്ന ഒരാത്മാവാണ് വി. അമ്മ ത്രേസ്യാ. അവളെങ്ങിനെയാണു് മിഷ്യൻ ചൈതന്യമുള്ളവളായിരുന്നതു് എന്നു വല്ലവരും ചോദിച്ചേക്കാം.

എന്നാൽ ആദ്ധ്യാത്മികശാസ്ത്രത്തിൽ ജ്ഞാനവിവാഹം എന്നു വിളിക്കപ്പെടുന്ന ദൈവൈക്യം പ്രാപിച്ച വി. അമ്മ ത്രേസ്യാ അതേ സമയംതന്നെ ഒരുത്തമ പ്രേഷിതയുമായിരുന്നു എന്നുള്ളതു് കേവലം യാഥാത്ഥ്യം മാത്രമാണു്. ഇതു മനസ്സിലാക്കാൻ പ്രയാസമില്ല, യഥാർത്ഥ ആന്തരികജീവിതവും നിസ്വാത്ഥപ്രേഷിതജീവിതവും തമ്മിലുള്ള ബന്ധം ശരിയായി ഗ്രഹിക്കുന്നവക്കു. വിശുദ്ധയുടെജീവിതവും പ്രബോധനവും ഇതിനു സുതരാം സാക്ഷ്യം വഹിക്കുന്നു.

പ്രകൃത്യാ ഉദാരമനസ്കയും വിശാലഹൃദയയും ആയിരുന്ന വി. ത്രേസ്യായിക്കു് താൻ താമസിച്ചിരുന്ന ഇൻകാർണേഷ്യൻ എന്നു പേരുള്ള ആവിലായിലെ കന്യകാമഠം ദൈവസ്നേഹത്തിൽ പുരോഗമിക്കുന്നതിനു വേണ്ടത്ര സൗകര്യങ്ങൾ നൽകിയിരുന്നില്ല. അതിനാൽ അവൾ, വളരെ അപേക്ഷയുടേയും ആലോചനയുടേയും ശേഷം, പ്രാത്ഥനാജീവിതത്തെ സഹായിക്കത്തക്കവിധം കൂടുതൽ മൌനവും ഏകാന്തതയും പാലിക്കുവാനും, പ്രായശ്ചിത്തങ്ങൾ ചെയ്യുവാനും സൌകര്യമുള്ള മറെറാരുമഠം അധികാരാനുമതിയോടുകൂടി 1562-ൽ ആവിലായിൽതന്നെ സ്ഥാപിച്ചു. ഇതത്രേ നവീകൃത കർമ്മലീത്താസഭയുടെ പ്രഥമഭവനമായ സെൻറ് ജോസഫസ് കോൺവെൻറ്. ഇവിടെ തെരഞ്ഞെടുക്കപ്പെട്ട കുറെ ആത്മാക്കളോടുകൂടി, ദൈവത്തിനുവേണ്ടിയും ദൈവത്തോടുകൂടിയും മാത്രം ജീവിക്കാനുള്ള തൻെറ എരിയുന്ന ആഗ്രഹം ആവുംവിധം തൃപ്തിപ്പെടുത്താനാണ് വിശുദ്ധ ഉദ്ദേശിച്ചിരുന്നതു്. എന്നാൽ ദൈവസ്നേഹം തൻെറ ആത്മാവിൽ വദ്ധിച്ചതോടുകൂടി, തന്നേക്കൊണ്ടു ദൈവത്തിനു മററുഉദ്ദ്യശ്യങ്ങളും സാധിക്കാനുണ്ടെന്നു വിശുദ്ധ ഗ്രഹിക്കാൻ തുടങ്ങി. മിശിഹായോടുള്ള സ്നേഹത്തിൻെറ അത്ഥമെന്തു്, വ്യാപ്തി എമ്മാത്രം, അതു് തന്നോടെന്താവശ്യപ്പെടുന്നു എന്നെല്ലാം മനസ്സിലാക്കിയപ്പോൾ ഗാഢമായ ദൈവൈക്യത്തിനുള്ള ആഗ്രഹത്തേയും അതിലംഘിച്ചു് തൻെറ ജീവിതചക്രവാളം ഒന്നിനൊന്നു വ്യാപിച്ചുവരുന്നതായി വിശുദ്ധയ്ക്കു് അനുഭവപ്പെട്ടു.

ഇതിനിടയാക്കിയ ഒരു സന്ദർഭം ഫ്രാൻസിൽ ലൂഥറന്മാർ കത്തോലിക്കാസഭയ്ക്കെതിരായി അന്നു ചെയ്തുകൊണ്ടിരുന്ന അക്രമങ്ങളെക്കുറിച്ചു് വിശുദ്ധ ത്രേസ്യായിക്കു ലഭിച്ച അറിവായിരുന്നു. വിശുദ്ധ തന്നെ ഇപ്രകാരം എഴുതുന്നു: ഫ്രാൻസിൽ ലൂഥറന്മാർ എന്തെല്ലാം കഷ്ടനഷ്ടങ്ങളും നാശങ്ങളും വരുത്തിക്കൂട്ടുന്നുവെന്നും ആ നിർഭാഗ്യവാന്മാർ എമ്മാത്രം പുരോഗമിക്കുന്നുവെന്നും അക്കാലത്തു് ഞാനറിയാനിടയായി. ഈ വാത്ത എനിക്കു വളരെ മനോവേദന

യുണ്ടാക്കി. ഞാൻ ആരോ ആണ്, എനിക്കെന്തോ സാധിക്കും എന്ന മട്ടിൽ, ഞാൻ കർത്താവിനോട് ഇതിനേപ്പററി ആവലാതി പറയുകയും ഇത്ര വലിയ തിന്മയ്ക്ക് ഒരറുതി വരുത്തുവാൻ അകമഴിഞ്ഞ് പ്രാർത്ഥിക്കുകയും ചെയ്തു. അവിടെ നശിച്ചുപോകുന്ന ആത്മാക്കളിൽ ഒന്നിനെയെങ്കിലും രക്ഷിക്കുന്നതിന് ഒരു പ്രതിവിധിയാകുമെങ്കിൽ, ആയിരം പ്രാവശ്യം ഞാൻ എൻെറ ജീവനെ ബലികഴിക്കുമായിരുന്നു എന്ന് എനിക്കു തോന്നിയിരുന്നു" (സുകൃതസരണി, അ. 1).

ആത്മാക്കളെ രക്ഷിക്കുന്നതിനു വിശുദ്ധയ്ക്കുണ്ടായിരുന്ന തീക്ഷ്ണതയെ വർദ്ധിപ്പിച്ച മറെറാരു സംഭവം തെക്കെഅമേരിക്കയിൽ നിന്നുവന്ന ഒരു ഫ്രൻസിസ്കൻ മിഷ്യനറിയുടെ സന്ദർശനമായിരുന്നു. അദ്ദേഹത്തിൽ നിന്നും വിശുദ്ധ അറിയുന്നതിനിടയായി, അസംഖ്യം ആളുകൾ ആ ദേശങ്ങളിൽ സത്യവിശ്വാസവെളിച്ചം ലഭിക്കാതെ വളരെ നികൃഷ്ടാവസ്ഥയിൽ ജീവിക്കുന്നുവെന്ന്.

**വി. അമ്മ ത്രേസ്യായുടെ തിരുനാൾ ഒക്ടോബർ 15-ാംനു-**

ഈ വാർത്തകളെല്ലാം വിശുദ്ധയ്ക്ക് മിശിഹായോട് വ്യക്തിഗതമായി ഉണ്ടായിരുന്ന സ്നേഹത്തെ അത്യധികം വർദ്ധിപ്പിക്കുകയും അവിടുത്തെ മൗതിക ശരീരത്തെ മുഴുവൻ സ്നേഹിക്കുന്നതിനു പ്രേരിപ്പിക്കുകയും ചെയ്തു. അതുകൊണ്ടത്രേ ഇത്രമാത്രം ആത്മാക്കൾ നശിച്ചുപോകുന്നതു കാണുമ്പോൾ ഹൃദയം പൊട്ടുന്ന വേദന വി. ത്രേസ്യാ അനുഭവിക്കുന്നതു്; അവരുടെ എണ്ണം കുറയ്ക്കുന്നതിനു തനിക്കെന്തുചെയ്യാൻ സാധിക്കുമെന്ന് അവൾ തലപുകഞ്ഞാലോചിക്കുന്നതു്. താൻ അബലയും അപ്രാപ്തയും ദുഷ്ടയും ആയിരിക്കുന്നതിനാൽ, ദൈവസേവനത്തിൽ തൻെറ ആഗ്രഹംപോലെ ഒന്നും നിർവ്വഹിക്കുന്നതിനു സാദ്ധ്യമല്ലല്ലോ എന്നു വിചാരിച്ച് അവൾ വിഷാദിക്കുന്നു.

അപ്പോഴാണ് അവൾക്ക് ഒരു ബോധോദയം ഉണ്ടായതു്. നമ്മുടെ കർത്താവിനു വളരെ ശത്രുക്കളുണ്ട്; എന്നാൽ കുറച്ചുമാത്രമേ മിത്രങ്ങളുള്ളു. എന്തുകൊണ്ട്, ഈ കുറച്ചാളുകൾക്ക് കൂടുതൽ നല്ലവരായി ജീവിച്ചുകൂടാ? അതിനാൽ ഉടൻതന്നെ വിശുദ്ധ തീരുമാനിച്ചു, ദൈവത്തിൻെറ പരമനന്മയിലാശ്രയിച്ചുകൊണ്ട്, തൻെറ കൂടെയുണ്ടായിരുന്ന കുറച്ചുസഹോദരികളോടുകൂടി, സുവിശേഷോപദേശങ്ങൾ ആവുംവിധം പൂർണ്ണമായി അനുഷ്ഠിക്കുന്നതിന്. ഇപ്രകാരം നമ്മുടെ ദിവ്യരക്ഷകനെ കുറച്ചെങ്കിലും ആശ്വസിപ്പിക്കാമെന്നും, കത്തോലിക്കാസഭയുടെ സംരക്ഷകരായ പ്രസംഗകന്മാർക്കും പണ്ഡിതന്മാർക്കും വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് അവിടുത്തെ കഴിയുന്നിടത്തോളം സഹായിക്കാമെന്നും വിശുദ്ധ കരുതി. സ്നേഹസ്വരൂപനായ ഈശോയുടെ തിരുഹൃദയാന്തർഭാഗത്തേയ്ക്കു കൂടുതൽ കൂടുതൽ പ്രവേശിക്കുന്തോറും, അവൾ കത്തോലിക്കാ സഭയുടെ സങ്കടങ്ങളിലും ഉൽക്കണ്ഠകളിലും, ആവശ്യങ്ങളിലും കൂടുതൽ പങ്കെടുക്കുന്നതായി നാം കാണുന്നു. തിരുസ്സഭാമാതാവിനോടുള്ള സ്നേഹവും മിശിഹായുടെ രക്തം വിലകൊടുത്തു വാങ്ങിയ ആത്മാക്കളെ രക്ഷിക്കണമെന്നുള്ള അതിയായ അഭിവാഞ്ഛയും അവളുടെ ജീവിതം മുഴുവൻെറയും സകല പ്രവൃത്തികളുടെയും ഒരു പ്രധാന പ്രേരകകാരണമായിഭവിക്കുന്നു ദൈവത്തോടുള്ള സൗഹൃദത്തിനും സ്നേഹൈക്യത്തിനുംവേണ്ടിയുള്ള ദാഹംപോലും ശക്തിയായ ഈ തീക്ഷ്ണതയിൽ ലയിച്ചുചേർന്നുകൊണ്ടത്രേ അവളെ ദൈവത്തിലേയ്ക്കടുപ്പിക്കുന്നതു്. തിരുസഭയ്ക്കു വേണ്ടി—ആത്മാക്കളെ രക്ഷിക്കാൻവേണ്ടി— ജോലിചെയ്യുക, അതാണ് അവളുടെയും അവൾ നവീകരിച്ച കർമ്മലീത്താ സഭയുടെയും ദൈവവിളി. ഇതു് നിസ്തുല്യമായ ഭാഷയിൽ തൻെറ സഹോദരികളോട് പ്രസ്താവിച്ചിട്ടുണ്ട് വി. അമ്മ ത്രേസ്യാ. "നിങ്ങളുടെ പ്രാർത്ഥനകളും, നിങ്ങളുടെ ചമ്മട്ടിയടികളും, നിങ്ങളുടെ ആഗ്രഹങ്ങളും, നിങ്ങളുടെ നോമ്പുകളും ഞാൻ പറഞ്ഞ നിയോഗത്തിനായി അർപ്പിക്കപ്പെടുന്നില്ലെങ്കിൽ, നിങ്ങളെ ഇവിടെ വിളിച്ചുകൂട്ടിയിരിക്കുന്നതിൽ നമ്മുടെ കർത്താവിനുള്ള ലക്ഷ്യം നിങ്ങൾ ഒരിക്കലും നിർവ്വൃത്തമാക്കുകയില്ലെന്നറിഞ്ഞാലും" (സു. സ. അ. 3).

തന്നോടുള്ള സ്നേഹത്തിൻെറ ഈ കവിഞ്ഞൊഴുക്കിൽ നമ്മുടെ ദിവ്യരക്ഷകൻ സംപ്രീതനായിട്ട്, വിശുദ്ധയെ തൻെറ മണവാട്ടിയായി സ്വീകരിച്ച ദിവസം അവളോട് ഇപ്രകാരം സസ്നേഹം അരുളിച്ചെയ്യ

കയുണ്ടായി: "ഇന്നു മുതൽ ഒരു യഥാർത്ഥ വധുവിനെപ്പോലെ നീ എൻ്റെ ബഹുമാനത്തെക്കുറിച്ച് തീക്ഷ്ണതയുള്ളവളായിരിക്കും" (Relations).

മിശിഹായുടെ മഹത്വവും താല്പര്യങ്ങളും കത്തോലിക്കസഭയുടെ മഹത്വത്തിൽ നിന്നും താല്പര്യങ്ങളിൽ നിന്നും വ്യത്യസ്തങ്ങളല്ലല്ലോ. ആത്മാക്കളുടെ രക്ഷയാണ് രണ്ടിൻ്റെയും വിഷയം. നമ്മുടെ ദിവ്യരക്ഷകൻതന്നെ വിശുദ്ധയ്ക്കു കാണിച്ചുകൊടുത്തു, ആവൃതിക്കു പുറത്തിറങ്ങാതെ, എപ്രകാരം കത്തോലിക്കസഭയ്ക്കുവേണ്ടി യുദ്ധം ചെയ്യാമെന്നും തദ്വാരാ വളരെ ആത്മാക്കളെ രക്ഷിച്ചുകൊണ്ട് തൻ്റെ മഹത്വം വർദ്ധിപ്പിക്കാമെന്നും. കത്തോലിക്കസഭാസംരക്ഷകന്മാരുടെ ഭാഗത്തു ചേർന്നുകൊണ്ടു ചെയ്യേണ്ട ഈ യുദ്ധത്തിൽ, പ്രാർത്ഥനയും പ്രായശ്ചിത്തവുമാണു തങ്ങളുടെ ആയുധങ്ങളെന്നും ഇവയുടെ മൂർച്ച കൂട്ടുന്നത് ജീവിതവിശുദ്ധിയാണെന്നും വി. ത്രേസ്യായും പുത്രിമാരും ഗ്രഹിച്ചതിനാൽ, തങ്ങളുടെ ജീവിതത്തെ കൂടുതൽ ത്യാഗപൂർണ്ണമാക്കി വിശുദ്ധീകരിക്കാൻ അവർ ശ്രമിച്ചുതുടങ്ങി. "ഈ ദൈവസേവകന്മാരെ നമ്മുടെ പ്രാർത്ഥനവഴി സഹായിക്കത്തക്കവിധത്തിൽ നമുക്കു ജീവിക്കുന്നതിനു പരിശ്രമിക്കാം" എന്നാണ് വിശുദ്ധ തൻ്റെ പുത്രിമാരോടുപദേശിക്കുന്നത്.

ആത്മാക്കളുടെ രക്ഷയെക്കുറിച്ചുള്ള വിശുദ്ധയുടെ ദാഹം പ്രാർത്ഥനയും പ്രായശ്ചിത്തവും കൊണ്ടു ശമിച്ചില്ല. നമ്മുടെ കർത്താവിൻ്റെ സ്നേഹത്തെപ്രതി, ബാഹ്യപ്രേഷിതവേലകളിൽ ഏർപ്പെടുന്നതിനു സാധിച്ചിരുന്ന പുരുഷന്മാരുടെ നേരെ പുണ്യവതിക്കു വിശുദ്ധമായ ഒരസൂയ തന്നെ തോന്നി. തൻ്റെ സ്ത്രീത്വവും, ആവൃതിയുമെല്ലാം അഭിലാഷസിദ്ധിക്കു വിലങ്ങുതടിയാണല്ലോ എന്നോർത്തു ദുഃഖിച്ചിരുന്ന ത്രേസ്യായിക്കു ക്രിസ്തുനാഥൻ ഒരിക്കൽ പ്രത്യക്ഷപ്പെട്ടു സ്നേഹസമന്വിതം ആശ്വസിപ്പിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "കുറച്ചു ക്ഷമിച്ചു കാത്തിരിക്കു, മകളെ, നീ വലിയ കാര്യങ്ങൾ കാണുവാൻ പോകുകയാണ്" (Foundations, ch. 1).

മിശിഹാ സൂചിപ്പിച്ച വലിയ കാര്യം വി. അമ്മത്രേസ്യാ ആരംഭിച്ച സഭാനവീകരണത്തിൻ്റെ വ്യാപ്തിയായിരുന്നു. ആവിലായിൽ വി. യൗസേപ്പിൻ്റെ മഠത്തിൽ ഉടലെടുത്ത കർശനമായ ജീവിതരീതിയനുസരിച്ചും അതേ ലക്ഷ്യത്തോടുകൂടിയും, വിവരിക്കാവതല്ലാത്ത വിഷമങ്ങൾ തരണം ചെയ്തുകൊണ്ട്, വേറെ പതിനെട്ടുമഠങ്ങൾ നേരിട്ടു സ്ഥാപിക്കുന്നതിനു വിശുദ്ധയ്ക്കുതന്നെ സാധിച്ചു. ഈദൃശകന്യകാലയങ്ങളുടെ എണ്ണം അവളുടെ ജീവിതകാലത്ത് മുപ്പത്തിമൂന്നായി വർദ്ധിച്ചു എന്നതും പ്രസ്താവ്യമാണ്. ഇവയിലഭയം പ്രാപിച്ച ഉദാരമനസ്കരായ കന്യകാരത്നങ്ങൾ പകന്നെടുത്തത് വി. ത്രേസ്യായുടെ ഹൃദയത്തിൽ എരിഞ്ഞിരുന്ന സ്രാപ്പേൽ മാലാഖാമാർക്കനുയോജ്യമായ ദൈവസ്നേഹവും അതിൽ നിന്നു നിർഗ്ഗമിച്ചിരുന്ന പരാത്മരക്ഷാതീക്ഷ്ണതയുമാണ്. തൻ്റെ സഹോദരികളും തന്നെപ്പോലെ, പ്രാർത്ഥനയിലും ത്യാഗത്തിലും ദൈവമഹത്വത്തിനും കത്തോലിക്കാ സഭയുടെ അഭിവൃദ്ധിക്കും വേണ്ടി സദാ ജീവിച്ചുകൊള്ളണമെന്നു വിശുദ്ധ അവരെ ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നു. "മിശിഹായിൽ എൻ്റെ സഹോദരികളെ, ഈ അനുഗ്രഹം ദൈവത്തോടു യാചിക്കുന്നതിനു നിങ്ങൾ എന്നോടുകൂടി യോജിക്കുക. ഇതിനാണ് ദൈവം നിങ്ങളെ ഇവിടെ വിളിച്ചുകൂട്ടിയിരിക്കുന്നത്. ഇതാണ് നിങ്ങളുടെ ദൈവവിളി; ഇതാണ് നിങ്ങളുടെ കർത്തവ്യവും കാമ്യവസ്തുവും; ഇതാണു നിങ്ങളുടെ കണ്ണീക്കണങ്ങളുടേയും പ്രാർത്ഥനകളുടേയും വിഷയം." (സു. സ. അ. 1)

നമ്മുടെ കർത്താവ് വി. ത്രേസ്യായോട് വാഗ്ദാനം ചെയ്ത വലിയ കാര്യങ്ങൾ, സ്പെയിൻ രാജ്യത്തിൻ്റെ ഒരററംമുതൽ മറേറ അററംവരെ വളരെവിഷമങ്ങൾസഹിച്ച് യാത്രചെയ്ത്, അനേക കന്യകാലയങ്ങൾ സ്ഥാപിച്ചതുകൊണ്ടുമാത്രം പൂർത്തീകരിക്കപ്പെട്ടില്ല. താൻ സന്യാസിനികൾക്കുവേണ്ടി സമാരംഭിച്ച നവീകൃത കർമ്മലീത്താ ജീവിതരീതി സന്യാസികളും ആശ്ലേഷിച്ചുകാണുവാൻ വിശുദ്ധ തീവ്രമായി ആഗ്രഹിച്ചതും പ്രേഷിത ചൈതന്യത്തിൻ്റെ പ്രേരണയാലാണ്. സ്ത്രീകളെക്കാൾ കൂടുതൽ ഫലപ്രദമായി പുരുഷന്മാർക്ക് ബാഹ്യപ്രവൃത്തികളിൽ ഏർപ്പെടാമെന്ന് അവൾ കണ്ടിരുന്നു. അവളുടെ അഭിപ്രായത്തിൽ, നവീകൃതകർമ്മലീത്താസഭാംഗങ്ങളുടെ ദൈവിളി, ധ്യാനപരവും ത്യാഗസമ്പന്നവുമായ ആന്തരികജീവിതത്തിൽ അടിയുറച്ചുനിൽക്കുന്ന തങ്ങളുടെ ചൈതന്യത്തിനു യാതൊരു കോട്ടവും തട്ടാതെ, യഥാർത്ഥ അപ്പോസ്തലന്മാരെപ്പോലെ ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി ജോലിചെയ്യുകയാണ്. ഏതന്നി

# കുടുംബവിശുദ്ധീകരണത്തിനു കുടുംബജപമാല

(റവ. ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി.)

റോമാസിംഹാസനത്തെ അലങ്കരിച്ചിട്ടുള്ള മാർപ്പാപ്പമാർ ഓരോരുത്തരും ജപമാലയുടെ മഹത്വം പ്രകീർത്തിച്ചിട്ടുണ്ടു്. "ക്രിസ്തുമതപ്രചാരക" എന്നു എട്ടാം ഉർബാനോസു മാർപ്പാപ്പ ജപമാലയെ സംബോധനം ചെയ്തിരിക്കുന്നു. മിശിഹായുടേയും അവിടുത്തെ ദിവ്യാംബികയുടേയും ജീവിതരഹസ്യങ്ങളെ നമ്മുടെ മുമ്പിൽ നിരത്തിവെക്കുന്ന ജപമാല യഥാർത്ഥത്തിൽ ക്രിസ്തുമതപ്രചരണമാണല്ലൊ നിർവ്വഹിക്കുന്നതു്. "പാഷണ്ഡതകളുടെ അന്ധകാരത്തെ വിപാടനം ചെയ്യുന്ന ശക്തി"യാണു ജപമാല എന്നു പുണ്യവാനായ അഞ്ചാം പീയൂസ് മാർപ്പാപ്പ അഭിപ്രായപ്പെട്ടിരിക്കുന്നു. ചരിത്രസംഭവങ്ങൾ ജപമാലയുടെ ഈദൃശവിജയത്തിനു സാക്ഷ്യം വഹിക്കുന്നുണ്ടു്. ജപമാലവഴി സംഭവിച്ചിട്ടുള്ള ചില അൽഭുതങ്ങൾ വിവരിച്ചതിനുശേഷം എട്ടാം ക്ലെമൻറ മാർപ്പാപ്പ പറയുന്നു "അതു വിശ്വാസികളുടെ ആലംബവും സംരക്ഷണവും" ആണെന്നു്.

ജപമാല കൈയിലേന്തിയിരിക്കുന്നവർ സ്വർഗ്ഗീയ കവചംകൊണ്ടു തങ്ങളെത്തന്നെ സംരക്ഷിക്കുന്നവെന്നും കുററവാളിയായ ഭൂമിയെ ദ്രോഹിക്കപ്പെടുന്ന സ്വർഗ്ഗത്തോടു രമ്യപ്പെടുത്തുന്ന മഴവില്ലും ദൈവകോപത്തെ ശമിപ്പിക്കുന്ന ശക്തിയുമാണു ജപമാലയെന്നുമത്രേ പതിമൂന്നാം ഗ്രിഗോറിയോസ് മാർപ്പാപ്പ പറയുന്നതു്. "പാപനാശകയാണു ജപമാലയെന്നു പതിന്നാലാം ഗ്രിഗോറിയോസും പ്രസ്താവിച്ചിരിക്കുന്നു. വാസ്തവത്തിൽ ജപമാലഭക്തികൊണ്ടു് എത്ര പേർ പാപത്തിൽനിന്നു രക്ഷിക്കപ്പെട്ടിരിക്കുന്നു! ജപമാലവഴിയുണ്ടായിട്ടുള്ള അൽഭുതങ്ങൾ മുഴുവനും രേഖപ്പെടുത്തുകയാണെങ്കിൽ നിരവധി ഗ്രന്ഥങ്ങളെഴുതാമെന്നു ദൈവമാതാവുതന്നെ ഭാഗ്യപ്പെട്ട അലാന്തുസിനു വെളിപ്പെടുത്തുകയുണ്ടായിട്ടുണ്ടു്. അഞ്ചാം പൗലോസു മാർപ്പാപ്പ ജപമാലയെപ്പററി ഇപ്രകാരമെഴുതിയിരിക്കുന്നു: "പാപികൾ ജീവൻ കണ്ടെത്തുന്നതും നീതിമാന്മാർ കൂടുതൽ വിശുദ്ധി പ്രാപിക്കുന്നതുമായ വരപ്രസാദങ്ങളുടെ ഭണ്ഡാഗാരമാണു ജപമാല". വത്തിക്കാനിലെ ഏററവും വലിയ നിധിയാണു ജപമാലയെന്നു് ഒമ്പതാം പീയൂസു മാർപ്പാപ്പ ഒരിക്കൽ പറയുകയുണ്ടായി.

---

വ്വഹണാർത്ഥം തൻെറ പ്രഥമ തനയന്മാരായ കുരിശിൻെറ വി. യോഹന്നാനും കൂട്ടരും, അത്യഗാധമായ അന്തരംഗജീവിതം നയിച്ചുകൊണ്ടു്, ദുരുവേലായിലും പരിസരങ്ങളിലും പലതരത്തിലുള്ള പ്രേഷിതവേലകളിൽ ഉൾപ്പെട്ടിരുന്ന കാര്യം തന്നെ എമ്മാത്രം സംതൃപ്തയാക്കി എന്നു് വിശുദ്ധതന്നെ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ടു്. നവീകൃതകർമ്മലീത്തരുടെ എണ്ണം ആരംഭത്തിൽ തുലോം കുറവായിരുന്നെങ്കിലും, തൻെറ ജീവിതകാലത്തുതന്നെ കുറെപ്പേർ വിദൂരമിഷ്യൻ ദേശങ്ങളിലേയ്ക്കുപോലും പോകുന്നതിനു് വിശുദ്ധ പ്രേരണനൽകിയതായി ചരിത്രത്തിൽനിന്നു കാണാവുന്നതാണു്.

വി. അമ്മത്രേസ്യായുടെ ഈ പ്രേഷിത ചൈതന്യത്തിൽ, മിഷ്യനറിമാരാകാൻ വിളിക്കപ്പെടുന്നവർ നന്നായി ഗ്രഹിച്ചിരിക്കേണ്ട ഒരു രഹസ്യം അടങ്ങിയിരിക്കുന്നു-യഥാർത്ഥ മിഷ്യൻ പ്രവർത്തനവും ആന്തരിക ജീവിതവും തമ്മിൽ എമ്മാത്രം ഗാഢമായ ബന്ധമുണ്ടെന്നു്. പ്രേഷിതജീവിതത്തിൻെറ ഫലദായകത്വം ആന്തരികജീവിതത്തോടുള്ള അതിൻെറ ക്രമീകൃതമായ ബന്ധത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ഈ ബന്ധത്തെ ശിഥിലീകരിച്ചുകൊണ്ടു്, ഉള്ള സമയവും ശക്തിയും മുഴുവൻ പ്രേഷിതജോലികൾക്കായി വിനിയോഗിക്കുന്നവർ, ദൈവത്തിൻെറ വെറും കൂലിവേലക്കാരാണു്, അവിടുത്തെ അടുത്തുനിന്നു് ശുശ്രൂഷിക്കുന്ന പുത്രന്മാരല്ലായിരിക്കും. കൂലിവേലക്കാർ പ്രതിഫലങ്ങൾക്കുവേണ്ടി യജമാനനെ സേവിക്കുന്നതുപോലെ, ഇവർ ചില സ്വാർത്ഥലാഭങ്ങൾക്കായി ദൈവത്തെ സേവിക്കുന്നു. യഥാർത്ഥ ആന്തരികജീവിതം നയിക്കുന്ന ആത്മാക്കൾ പുത്രന്മാരെപ്പോലെ, ദൈവത്തിൻെറ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുവാൻ സദാ പരിശ്രമിച്ചുകൊണ്ടിരിക്കും.

ദിവ്യരക്ഷകന്റെ ജീവിതത്തിലെ വിവിധ രഹസ്യങ്ങളെപ്പററിയുള്ള ധ്യാനം നമ്മുടെ ഹൃദയത്തെ ദൈവസ്നേഹംകൊണ്ടു് ഉജ്ജ്വലിപ്പിക്കുന്നു. ജപമാല ഭക്തി അന്ത്യത്തോളമുള്ള നിലനിൽപ്പിന്റെ ഒരച്ചാര



ലേഖകൻ

മാണെന്നതന്നെ പറയാം. മറിയംവഴി ഈശോ ലോകത്തിൽ ഇറങ്ങിവന്നു; കന്യകാമറിയത്തിന്റെ ജപമാലവഴി നാം ഈശോയിലേക്കു പോകുന്നു.

പതിമൂന്നാം ലെയോൻ മാർപ്പാപ്പയെ ജപമാലയുടെ മാർപ്പാപ്പ എന്നു വിളിക്കാറുണ്ടു്; കാരണം പല ചാക്രികലേഖനങ്ങൾവഴി തിരുമേനി ജപമാല ഭക്തിയുടെ ആവശ്യകത ലോകത്തിനു ചൂണ്ടിക്കാണിച്ചുകൊടുത്തുവെന്നതുതന്നെ. ഒക്ടോബർ മാസം ജപമാലറാണിക്കു പ്രതിഷ്ഠിച്ചതു് അദ്ദേഹമാണു്.

എഴുനൂറുകൊല്ലത്തോളമായി ജപമാല ഭക്തി തിരുസ്സഭയിൽ നടപ്പിലായിട്ടു്. തിരുസ്സഭയുടെ വിപത്തുകളിൽ മാർപ്പാപ്പമാർ സാധാരണമായി ജപമാല ചൊല്ലുവാൻ ആജ്ഞാപിച്ചുകൊണ്ടാണു ദൈവമാതൃസഹായം തേടാറുള്ളതു്. ആധുനിക വിനാശങ്ങളിൽ ജപമാലവഴി പരിശുദ്ധ ജനനിയുടെ മദ്ധ്യസ്ഥസഹായം അഭ്യർത്ഥിക്കുവാൻ ആഹ്വാനംചെയ്തുകൊണ്ടു ഭാഗ്യമോടെ നമ്മളെ ഭരിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധ പിതാവു രണ്ടു ചാക്രികലേഖനംതന്നെ എഴുതിയിട്ടുണ്ടു്. ഒരു ജപമാല കുരിശുയുദ്ധംതന്നെ നടത്തുവാൻ ആവശ്യപ്പെട്ടു, 1951 ഒക്ടോബറിൽ എഴുതിയ ചാക്രിക ലേഖനത്തിൽ തിരുമേനി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "കന്യകാംബികയുടെ സഹായം പ്രാപിക്കുവാൻ എത്രയും ഉറപ്പുള്ള മാർഗ്ഗം ജപമാലയാണു്........ഉൽഭവത്തിലും പ്രയോഗത്തിലും സ്വഭാവത്തിലും അതു മാനുഷികമെന്നല്ല ദിവ്യമെന്നാണു പറയേണ്ടതു്." തിരുസ്സഭയുടെ പ്രതീക്ഷയും വിജയവും ജപമാലയിലാണെന്നു് മററു മാർപ്പാപ്പമാരെപ്പോലെ വിശ്വസിക്കുന്ന ഒരാളാണു പന്ത്രണ്ടാം പീയൂസും.

കഴിഞ്ഞ മരിയൻവത്സരത്തിൽ ഓരോ മാസവും ഓരോ പ്രത്യേകനിയോഗത്തിനു നീക്കിവയ്ക്കുകയുണ്ടായി. ജപമാലവഴി കുടുംബവിശുദ്ധീകരണം സാധിക്കുക എന്നുള്ളതായിരുന്നു ഒക്ടോബർ മാസത്തിലെ നിയോഗം. കുറെകൊല്ലങ്ങളായി കുടുംബജപമാല പ്രചരണത്തിനായി ഫാദർ പേട്രിക്കു പെയിററൺ ചെയ്തുവരുന്ന പരിശ്രമങ്ങളെപ്പററി കേട്ടിട്ടില്ലാത്ത കത്തോലിക്കർ ചുരുക്കമായിരിക്കും. ശെമ്മാശനായിരിക്കവെ, ക്ഷയംപിടിപെട്ടു മരിക്കാറായ ഒരാളാണു ഫാദർ പെയ്ററൺ. കന്യകാംബികയുടെ മദ്ധ്യസ്ഥസഹായത്താൽ ക്ഷയരോഗം നീങ്ങി വൈദികപട്ടം സ്വീകരിക്കുന്നതിനു് അദ്ദേഹത്തിനു കഴിഞ്ഞു. ദൈവമാതാവിനോടുള്ള തന്റെ കടപ്പാടു സ്വല്പമായിട്ടെങ്കിലും നിറവേററുവാൻവേണ്ടി ലോകമാസകലം കുടുംബജപമാല പ്രസംഗിക്കുവാനാണു് അദ്ദേഹം നിശ്ചയിച്ചതു്. റേഡിയോ പ്രഭാഷണങ്ങളും പ്രസംഗങ്ങളും ലേഖനങ്ങളുംവഴി ഇന്നും ആ ജോലി അദ്ദേഹം ചെയ്തുകൊണ്ടിരിക്കയാണു്. അനുദിനം വീട്ടിൽ എല്ലാ അംഗങ്ങളുംചേർന്നു ജപമാല ചൊല്ലിക്കൊള്ളാമെന്നുള്ള പ്രതിജ്ഞാപത്രത്തിൽ അനേകായിരംപേർ ഇതിനകം ഒപ്പിട്ടുകഴിഞ്ഞു. വിവാഹമോചനം കുറേശ്ശെയൊക്കെയുള്ള രാജ്യങ്ങളിൽ അദ്ദേഹത്തിന്റെ മുദ്രാവാക്യം ആകർഷകമായി തോന്നും. "ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബാംഗങ്ങൾ ഒരുമിച്ചു ജീവിക്കും."

ഫാദർ പെയ്ററന്റെ പ്രവർത്തനങ്ങൾ പരിശുദ്ധ പിതാവിനും അത്യധികം ഇഷ്ടപ്പെട്ടിട്ടുണ്ടു്. തന്മൂലം കുടുംബജപമാലയ്ക്കു മുൻകാലങ്ങളിൽ അനു

COLLEGE ... BANGALORE. 15641

വദിച്ചിരുന്ന പത്തുവർഷത്തെ ദണ്ഡവിമോചനത്തിനും മാസംതോറും ലഭിക്കാവുന്ന രണ്ടു പൂർണ്ണദണ്ഡവിമോചനങ്ങൾക്കും പുറമെ എല്ലാ ശനിയാഴ്ചകളിലും ആഴ്ചയിൽ മറേറതെങ്കിലും രണ്ടു ദിവസങ്ങളിലും സാർവത്രികസഭയിൽ ആഘോഷിക്കപ്പെടുന്ന ദൈവമാതാവിൻെറ 18 തിരുനാളുകളിലും കുമ്പസാരിച്ചു വി. കർബാന കൈക്കൊള്ളുന്നതായാൽ ഓരോ പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാമെന്നു നിശ്ചയിച്ചതായി കാണുന്നു. (AAS, 1954)

ഈദൃശസാക്ഷ്യങ്ങളും ഉൽബോധനങ്ങളുമുണ്ടായിരുന്നിട്ടും, കുടുംബജീവിതത്തിൻെറ നങ്കൂരമായി കുടുംബജപമാലയെ വീക്ഷിക്കാത്തവർ ഇനിയും ഉണ്ടു്. എന്നാൽ ഒന്നു തീർച്ചയാണു്: വിശ്വാസചൈതന്യവും പ്രാർത്ഥനവഴി സംപ്രാപ്തമാകുന്ന ദൈവസ്നേഹവും കൂടാതെയുള്ള ജീവിതം ജീവിതമല്ല. കുടുംബങ്ങൾ ഈ കാര്യം മനസ്സിലാക്കി അനുദിനം കുടുംബജപമാല ചൊല്ലാതിരിക്കുകയാണെങ്കിൽ സമുദായപരിഷ്കരണമോ ലോകസമാധാനമോ കൈവരാൻ പോകുന്നില്ല. ഏതു തുറകളിൽ അദ്ധ്വാനിക്കുന്നവരും ആധുനികതിന്മകളെ ചെറുക്കുവാൻ കുടുംബങ്ങളിൽ ജപമാല മുടക്കംകൂടാതെ ചൊല്ലാനാണു് ആവശ്യപ്പെടുന്നതു്. ഒരു ന്യൂയോർക്ക് പത്രപ്രതിനിധി ഒരിക്കൽ ഇപ്രകാരമെഴുതി: "കുടുംബജപമാല ഇന്നത്തെ ഏററവും വലിയ ആവശ്യമാണു്. ജപമാലവഴിയ്ക്കുള്ള ആദ്ധ്യാത്മികസൗന്ദര്യം വീശുന്ന കുടുംബപ്രാർത്ഥനയ്ക്കു് ലോകസമാധാനവും ചുമതലാബോധവും സഹിഷ്ണുതയും സാഹോദര്യവും പുലർത്തുവാൻ ഐക്യരാഷ്ട്രസംഘടനയേക്കാളും നയതന്ത്രയോഗങ്ങളേക്കാളും ചതുർശ്ശക്തി സമ്മേളനങ്ങളേക്കാളും പ്രാധാന്യം കൂടുതലുണ്ടു്. കുടുംബപ്രാർത്ഥനവഴി വന്നുചേരുന്ന ചുമതലാബോധവും കൃതജ്ഞതാശീലവും ലോകത്തിനു് ഇന്നു് അത്യന്താപേക്ഷിതമാണു്. ആദ്ധ്യാത്മികവശം ഉജ്ജ്വലിച്ചെരിയേണ്ടിയിരിക്കുന്നു. പൂർവപിതാക്കന്മാരെപ്പോലെ കുടുംബപ്രാർത്ഥനയിൽ ശ്രദ്ധപതിക്കേണ്ടതു് ഇന്നത്തെ ഒരത്യാവശ്യം മാത്രമാണു്."

ഫാത്തിമായിൽവച്ചു പരിശുദ്ധജനനി നമ്മളേവരോടും ദൈവത്തിലേക്കു പിന്തിരിയണമെന്നാവശ്യപ്പെട്ടു. മനുഷ്യർ ദൈവത്തിലേക്കു പിന്തിരിയാത്തപക്ഷം നിർഭാഗ്യങ്ങൾ പലതും ഭൂമിയെ ഗ്രസിക്കുമെന്നും കമ്മ്യൂണിസം ലോകത്തിൽ പ്രചരിക്കുമെന്നും കന്യകാംബിക ഉറപ്പിച്ചു പ്രസ്താവിച്ചിട്ടുള്ളതാണു്. എല്ലാ വീടുകളിലും എല്ലാ ദിവസവും കൊന്തനമസ്കാരം ചൊല്ലണമെന്നുള്ളതാണു ദൈവജനനി ഫാത്തിമായിൽ പ്രദർശിപ്പിച്ച ഒരാഗ്രഹം. അനുദിന പരിപാടിയിൽ ജപമാല ഒരു ഭാഗമാക്കുന്നവർക്കു ദൈവമാതാവു നിരവധി അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ടു്.

എന്തിനാണു ദൈവമാതാവു കൊന്തനമസ്കാരം ചൊല്ലണമെന്നു പറഞ്ഞതു്? അതു പരിപൂർണ്ണമായ ഒരു പ്രാർത്ഥനയും വിശ്വാസപ്രകരണവും പരിശുദ്ധത്രിത്വത്തിനു സ്തുതിപ്രകാശനവുമാകയാലാണു്. മനുഷ്യനു സ്വന്തം ശക്തിയാലൊന്നും ചെയ്യുവാൻ കഴിയുകയില്ല; എന്നാൽദൈവം സ്നേഹമുള്ള ഒരു പിതാവാകയാൽ അവിടുത്തെപക്കൽ നമ്മൾ വയ്ക്കുന്ന ശരണം വ്യർത്ഥമാവുകയില്ല. ജപമാല ഹൃദയത്തെ സ്പർശിക്കുന്നു; ആത്മാവിൽ ദൈവസ്നേഹവും ഭക്തിയും ഉജ്ജ്വലിപ്പിക്കുന്നു; എളിമാഭ്യാസനത്തിനു മാർഗ്ഗം തെളിക്കുകയും ചെയ്യുന്നു. ജപമാല വരപ്രസാദത്തിൻെറ മാറ്റവും പ്രലോഭനങ്ങളിൽ ശക്തിയും ക്ലേശങ്ങളിൽ ആശ്വാസവുമാണു്. അവിശ്വാസവും അസത്യവും നടമാടുന്ന ഇക്കാലത്തു ജപമാല സൽസ്വഭാവികളെ വാർത്തെടുക്കുവാൻ സഹായിക്കുന്നു. ജപമാലവഴി മനുഷ്യനു നിരവധി അനുഗ്രഹങ്ങൾ വന്നുചേരുന്നതുകൊണ്ടു് അതു പാപത്തെ നശിപ്പിക്കുകയും ദൈവകോപത്തെ ശമിപ്പിക്കുകയുംചെയ്യുന്നു.

ഇന്നത്തെപ്പോലെ മനുഷ്യവർഗ്ഗത്തിനു പ്രാർത്ഥന കൂടുതൽ ആവശ്യമായിരുന്ന വേറൊരു കാലമുണ്ടായിട്ടില്ല. ഇതിനുമുമ്പും ഇടത്തൂട്ടുകളും മതപീഡനങ്ങളുമുണ്ടായിരുന്നുവെങ്കിലും അവയുടെ ഉദ്ദേശ്യവും വ്യാപ്തിയും പരിമിതമായിരുന്നു. ഇന്നു് എവിടെയും ഭൗതികത്വമോ നിരീശ്വരത്വമോ നുഴഞ്ഞുകയറിയിട്ടുണ്ടു്. പ്രത്യക്ഷമായ മതപീഡനത്തിനുപകരം, മതാനുഷ്ഠാനം വിഷമകരമാക്കിത്തീർക്കുകയെന്നതാണു പിശാചിൻെറ കിങ്കരന്മാരുടെ തന്ത്രം. ക്ഷയരോഗവും വാതവും മററും ക്രമേണ മനുഷ്യനെ നിസ്സഹായനാക്കുന്നതുപോലെ, പരോക്ഷമായി ക്രമേണ മതവിശ്വാസം ധ്വംസിപ്പിക്കുന്ന സാഹിത്യവും നാടകങ്ങളും സിനിമകളും ഗവർമ്മെൻറു നിയമങ്ങളുമാണു് എവിടെയും കാണുന്നതു്. അതിനാൽ ദൈവ

# അവളും പുണ്യവതിയായി

(ഫാ. ഫിലിപ്പ്. ഒ. സി. ഡി.)

"നമ്മുടെ ത്രേസ്യാക്കുട്ടിയില്ലേ? അവൾ മഹാശുണ്ഠിയാണ്. അവൾ ഒരു സംഗതി ഇല്ല എന്നു പറഞ്ഞുപോയെങ്കിൽ, പിന്നെ ഒരു ദിവസം മുഴുവൻ പട്ടിണിയിട്ടാലും, ഉവ്വ്, എന്ന് അവളെക്കൊണ്ട് പറയിപ്പിക്കുക സാദ്ധ്യമല്ല. അവളുടെ അഹംഭാവമാണ് അതിശയനീയം. നിലം മുത്താമെങ്കിൽ ഒരു കാൽ ഫ്റാങ്ക് കൊടുക്കാമെന്ന് ഞാൻ പറഞ്ഞു. നിലം മുത്തിയിട്ട് അതെനിക്ക് വേണ്ടാ എന്നാണ് അവൾ മറുപടിപറഞ്ഞത്." ഇതാണ് സ്നേഹസമ്പൂർണ്ണയായ സ്വമാതാവ് വി. കൊച്ചുത്രേസ്യായുടെ കുട്ടിക്കാലത്തെപ്പററി നൽകുന്ന സർട്ടിഫിക്കേററ്.

സ്ത്രീകൾക്ക് സഹജമായുള്ള വ്യത്ഥാഭിമാനവും കൊച്ചുത്രേസ്യാക്ക് കുറവല്ലായിരുന്നു. ഒരു ദിവസം പുറത്തുപോകുമ്പോൾ കൈനീളമുള്ള ഉടുപ്പ് ധരിക്കണമെന്ന് ജ്യേഷ്ഠത്തി നൽകിയ നിർദ്ദേശം മനസ്സില്ലാ മനസ്സോടെയാണ് അവൾ സ്വീകരിച്ചത്.

ദാരിദ്ര്യത്തിന്റെ രുചി അനുഭവിക്കുന്നതിന് മാതാപിതാക്കന്മാരുടെ കൂടെയുള്ള ജീവിതകാലത്ത് അവൾക്ക് അവസരം കിട്ടിയില്ല. എന്നാൽ മഠത്തിൽ ചെന്നപ്പോൾ വക്കു പൊട്ടിയ ക്രൂസയും തിരി കയറാത്ത വിളക്കും ഉപയോഗിക്കേണ്ടിവന്നത് അത്ര രസകരമായി അവൾക്ക് തോന്നിയില്ല.

പ്രകൃത്യാ, സഹോദരസ്നേഹത്തിന്റെ കാര്യത്തിൽപ്പോലും അവൾ സമ്മാനാർഹയായിരുന്നോ എന്ന് സംശയിക്കാം. ഒരു സന്ന്യാസിനീസഹോദരിയെ കണ്ടുമുട്ടാതിരിക്കാൻ വേണ്ടി വളഞ്ഞ് ചുററി

---

ജനനിയുടെ സഹായം കൂടുതൽ ആവശ്യമുള്ള ഒരു കാലഘട്ടമാണിത്. തുർക്കികളോടും പാഷണ്ഡതകളോടുമുള്ള സമരങ്ങളിൽ ജപമാലഭക്തിവഴി തിരുസ്സഭ വിജയംപ്രാപിച്ചു; ഇന്നത്തെ രൂക്ഷതരമായ ശക്തികളോടു പൊരുതുവാനും ഏററവും പര്യാപ്തമായ ഖഡ്ഗം ജപമാലതന്നെയാണ്.

എന്നാൽ, കഷ്ടം! അനേകർക്ക് പ്രാർത്ഥിക്കുവാനുള്ള മനസ്സില്ല. അനേകർക്കു പ്രാർത്ഥിക്കുവാൻ അറിഞ്ഞുകൂടാ. അവർ മനസ്സിലാക്കണം കുടുംബജപമാല ഏററവും എളുപ്പമാണെന്ന്. പ്രാർത്ഥിക്കുവാൻ അറിയാത്തവർക്കുകൂടി വേഗത്തിൽ അഭ്യസിക്കാവുന്ന ഭക്തിയാണത്. സുന്ദരങ്ങളായ രണ്ടു മൂന്നു അപേക്ഷകളുടെ ആവർത്തനമാണല്ലോ ജപമാല. അക്കാരണത്താലും കുടുംബജപമാല ഏവരും പ്രോൽസാഹിപ്പിക്കേണ്ടതുതന്നെ. പതിമൂന്നാം ലെയോൻ മാർപ്പാപ്പ പറയുന്നു: "ജപമാലഭക്തി അഭ്യസിക്കുവാൻ സകലരേയും നാം കാര്യമായി ഉൽബോധിപ്പിക്കുന്നു. ഓരോരുത്തരും ജപമാല പരസ്യമായി ദൈവാലയത്തിൽ വച്ചോ, അല്ലെങ്കിൽ ഓരോരുത്തരും അവരുടെ വീട്ടിൽവച്ചോ, അതുമല്ലെങ്കിൽ തനിച്ചോ ചൊല്ലി ശീലിക്കണം."

ജപമാലയുടെ പ്രാധാന്യം ഇത്ര വലുതാകയാൽ, കൂട്ടമായിട്ടു വീട്ടിൽ ജപമാല ചൊല്ലാതെ ഒരു ദിവസവും കടന്നുപോകാൻ ആരും അനുവദിക്കരുത്. ഒഴിച്ചുകൂടാത്ത കാരണങ്ങളാൽ കുടുംബജപമാലയിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർ തനിച്ച് ഏതെങ്കിലും സമയത്ത്, പകലോ രാത്രിയോ, ജപമാല ചൊല്ലുവാൻ ഉൽസാഹിക്കേണ്ടതാണ്. സാർവത്രികമായ ജപമാലഭക്തി പാപത്തിന്റേയും പാഷണ്ഡതയുടേയും പാഞ്ഞൊഴുക്കിനെ തടഞ്ഞുനിറുത്തുകയും സമുദായം ദൈവത്തിങ്കലേക്കു പിന്തിരിയുന്നതിന് ഇടയാക്കുകയും ചെയ്യും.

നമസ്കാരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന കൊന്തയ്ക്കുപോലും തിരുസ്സഭ വലിയ പ്രാധാന്യമാണു കല്പിച്ചിരിക്കുന്നത്. അതിനു പ്രത്യേകം വെഞ്ചരിപ്പുകൾ നിശ്ചയിച്ചിട്ടുണ്ടെന്നുമാത്രമല്ല, ഏതെങ്കിലുംവിധം ശരീരത്തിൽ കൊന്തവഹിച്ചു നടക്കുന്നതിനും അതെടുത്തു ചുംബിക്കുന്നതിനുംകൂടി തിരുസ്സഭ ദണ്ഡവിമോചനങ്ങൾ അനുവദിച്ചിട്ടുണ്ട്. ആകയാൽ ഒരു കൊന്ത ഉപയോഗിച്ചു ജപമാല ചൊല്ലുന്ന പതിവു സാർവത്രികമാകുവാൻ ജപമാലഭക്തർ ഈ ഒക്ടോബർ മാസത്തിൽ കൂടുതൽ പരിശ്രമിക്കട്ടെ. ജപമാലരാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ, ജപമാലഭക്തരുടെ സംഖ്യ വർദ്ധിപ്പിക്കണമേ.

പ്പോകുന്നതിന് പ്രേരിപ്പിക്കപ്പെട്ടതു് സഹോദരസ്നേഹത്തിന്റെ പ്രചോദനംമൂലമല്ലായിരുന്നുവെന്ന് വിശ്വസിക്കുന്നതിന് മതിയായ ന്യായങ്ങൾ ഉണ്ടു്.

എങ്കിലും കൊച്ചുത്രേസ്യാ ഒരു പുണ്യവതിയായി. ഒരു വലിയ പുണ്യവതി. അതെങ്ങനെ സാധിച്ചുവെന്നോ?

അഹംഭാവത്തെ മ്ശിഹായുടെ പ്രേയസിക്കു യോജ്യമായ ആത്മാഭിമാനമായി അവൾ രൂപാന്തരപ്പെടുത്തി. മക്കടമുഷ്ടിയെ പുണ്യസമ്പാദനത്തിനുള്ള ദൃഢനിശ്ചയമായി പകർത്തി. വ്യർത്ഥാഭിമാനത്തെ വലിച്ചെറിഞ്ഞു, ദരിദ്രജീവിതത്തെ ആത്മാർത്ഥതയോടുകൂടെ ആലിംഗനംചെയ്തു. തനിക്കു വിരോധികളായി വർത്തിച്ചിരുന്ന സഹോദരികളുടെ ഹൃദയത്തിൽ സ്നേഹസ്വരൂപനായ ദിവ്യരക്ഷകനെ അവൾ പ്രതിഷ്ഠിച്ചു.

കൊച്ചുത്രേസ്യാ സഹോദരി, നന്നാക്കുന്നതിന് കൊടുത്ത ഒരു പാരു് ചെരിപ്പു്, കൈകൊണ്ടു തൊടുന്നതിനുപോലും അർഹമല്ല എന്നു പറഞ്ഞു്



അടുപ്പിൽ നിക്ഷേപിക്കാൻപോയ ഒരു തുണ സഹോദരിയുടെ കയ്യിൽനിന്ന് ആഗ്നസ്സമ്മ രക്ഷിച്ചു. ഒരു അമൂല്യനിധിയായി അവൾ അവ സൂക്ഷിച്ചു. അനേകായിരംപേർ അവയുടെ കഷണങ്ങൾ തിരുശ്ശേഷിപ്പായി ഇന്ന് പൂജിക്കുന്നുണ്ടായിരിക്കണം. പൊട്ടിയ ക്രൂസകണ്ടു് അതൃപ്തികാണിച്ച കൊച്ചുത്രേസ്യായുടെ വീരോചിതവിജയത്തിന്റെ ഒരു സാക്ഷ്യമായിരുന്ന ആ ചെരിപ്പുകൾ.

“പ്രിയപ്പെട്ട കൊച്ചുത്രേസ്യാസഹോദരി, നിങ്ങളെ ഇത്രയധികം എന്നിലേക്ക് ആകർഷിക്കുന്ന സംഗതി എന്താണെന്ന് ദയവായി പറയാമോ?” എന്നു് ചോദിച്ചതു്, തന്നെ കണ്ടുമുട്ടാതിരിക്കുന്നതിനുവേണ്ടി വഴിമാറിപ്പോകുന്നതിന് കൊച്ചുത്രേസ്യായ്ക്കു് പ്രലോഭനം നൽകിയ അതേ ബ. സഹോദരിയായിരുന്നു. വീരോചിതവും പ്രകൃത്യതീതവുമായ വിജയത്തിന്റെ വേറൊരുദാഹരണം.

കഠിന രോഗത്താൽ അവശയായിരുന്ന കൊച്ചുത്രേസ്യായുടെ അടുക്കൽ ഒരു തുണ സഹോദരി കുറച്ചു സൂപ്പു് കൊണ്ടുചെന്നു് കൊടുത്തു. അതിൽ ഒരു തുള്ളിപോലും കുടിച്ചിറക്കുന്നതിന് ആ സാധുരോഗിണിക്ക് സാദ്ധ്യമല്ലായിരുന്നു. കൃതജ്ഞതാപൂരസ്സരം അവൾ തുണസഹോദരിയോടു പറഞ്ഞു, സൂപ്പു് കുടിക്കാൻ തനിക്കു് സാധ്യമല്ല എന്നു്. പിന്നീടു് ഈ സംഭവത്തെ പരാമർശിച്ചു് ആ തുണസഹോദരി പറയുകയാണു്: “ഈ കൊച്ചുത്രേസ്യായെയല്ലെ എല്ലാവരും പുണ്യവാളത്തിയെന്നു് വിളിക്കുന്നതു്. എന്റെ അഭിപ്രായത്തിൽ അവൾ ഒരു നല്ല സന്യാസിനിപോലുമല്ല.” ഇതറിഞ്ഞപ്പോൾ കൊച്ചുത്രേസ്യ ആത്മാർത്ഥമായി സന്തോഷിച്ചു. “മരണക്കിടക്കയിൽവെച്ചു്, തന്റെ സ്നേഹിക്കപ്പെട്ട സഹോദരികളിൽ നിന്നു് ഇപ്രകാരമുള്ള അഭിപ്രായങ്ങൾ കേൾക്കുന്നതു് എത്രയോ ആനന്ദകരം!” സുസ്മേരവദനയായി അവൾ മന്ത്രിച്ചു. ജനനാൽ അഹംഭാവത്തിന്റെ മൂർത്തീകരണമായിരുന്ന കൊച്ചുത്രേസ്യാ അഭ്യസിച്ചു് പരിശീലിച്ച ഹൃദയത്തിനടുത്ത എളിമ.

ഇങ്ങനെയാണു് ത്രേസ്യാമാർട്ടിൻ വി. കൊച്ചുത്രേസ്യാ ആയിത്തീർന്നതു്. എന്തുകൊണ്ടു് ഇതുപോലുള്ള കൊച്ചുത്രേസ്യമാർ നമ്മുടെ നാട്ടിലില്ല? എന്തുകൊണ്ടു് കേരളീയരുടെയിടയിൽ വിശുദ്ധരില്ല?

തുംഗനാപുരം കൊവേന്തയിലെ മക്കാരിയൂസച്ചനില്ലെ? ഇതുപോലെ സ്നേഹമുള്ള ഒരച്ചനില്ല. അക്കും വേണ്ടി എന്തും ചെയ്യുന്നതിന് അദ്ദേഹം എപ്പോഴും സന്നദ്ധനാണു്. അദ്ദേഹത്തിന്റെ ഭക്തിതീക്ഷ്ണതയാണെങ്കിൽ അതിശയനീയം. കാലത്തു് അഞ്ചുമണി അടിക്കുന്നതിന് അഞ്ചു മിനിട്ടു് മുമ്പേ അദ്ദേഹം പ്രാർത്ഥനമുറിയിൽ ഹാജരുണ്ടു്. മക്കാരിയൂസച്ചൻ ദിവ്യപൂജ അർപ്പിക്കുന്നതുകണ്ടാൽ മാലാഖാമാർ

പോലും നാണിച്ചുപോകും. പക്ഷെ ഒരു കാര്യമുണ്ടു്: തന്നെ പുണ്യവാനെന്നു് കരുതാത്തവനെ അദ്ദേഹത്തിനു് കണ്ടുകൂടാ ഭാരതത്തിൽ നിന്നു് ആദ്യമായി വിശുദ്ധിപട്ടം സ്വീകരിക്കാൻപോകുന്നതു് അൽഫോൻസാമ്മയല്ല, താനാണെന്നു് അദ്ദേഹം ആത്മാർത്ഥമായി വിശ്വസിക്കുന്നു.

ഇനിയും മംഗളോദയമഠത്തിലെ മത്തിനിയാ സഹോദരിയുടെ കാര്യം ഒന്നു ചിന്തിച്ചുനോക്കുക. ഇന്നുവരെ ലോകത്തിൽ ഇവരെപ്പോലെ അനുസരണയുള്ള ഒരു സഹോദരി ഉണ്ടായിട്ടില്ല. അവളുടെ ദാരിദ്ര്യസ്നേഹമാണെങ്കിൽ അസ്സീസ്സിപ്പുണ്യവാൻപോലും വകവച്ചുകൊടുക്കും. എങ്കിലും ഒരു സംഗതിയുണ്ടു്: മദർ സുപ്പീരിയർസ്ഥാനം അലങ്കരിക്കുകയെന്നതാണു് സന്യാസജീവിതത്തിന്റെ ജന്മസാഫല്യമെന്നതു് അവളുടെ വിശ്വാസപ്രമാണമാണു്. ആ സ്ഥാനത്തിനു് അവൾ അർഹയല്ലെന്നു് ആരെങ്കിലും പറഞ്ഞുപോയെങ്കിൽ അവളുടെ മുഖം ചുവക്കും, കണ്ണുകൾ തിളങ്ങും, ചുണ്ടുകൾ വിറയ്ക്കും, ചിലപ്പോൾ ഒരു വെടിക്കെട്ടുതന്നെ അവിടെ നടക്കും.

ഞാനൊരു ചാക്കോച്ചനെ അറിയും. നല്ലൊരു കുടുംബക്കാരൻ. മൂന്നുമൈൽപോകണം അയാളുടെ വീട്ടിൽനിന്നു് പള്ളിയിലേക്കു്. ആ പള്ളിയിൽ ഒരു കുർബാനയേയുള്ളു. അതും ആറുമണിക്കാണു്. എങ്കിലും കുർബാന ആരംഭിക്കുന്നതിനു് അരമണിക്കൂർ മുമ്പെ ചാക്കോച്ചൻ പള്ളിയിലുണ്ടു്. കുർബാന കഴിഞ്ഞു് ഒരു മുഴുവൻ കൊന്തയുംചൊല്ലി, സ്ലീവാപ്പാതയും നടത്തിയിട്ടേ അയാൾ വീട്ടിലേക്കു് തിരിക്കുകയുള്ളു. നമ്മുടെ “പുണ്യവാളൻ” ചാക്കോച്ചനു് ഒരു സങ്കടമേയുള്ളു. ആ പള്ളിയിലെ വികാരിയച്ചൻ തീരെ പ്രാപ്തിയില്ലാത്തവനാണു്. കൊള്ളാവുന്നവരെ ബഹുമാനിക്കാൻ അദ്ദേഹത്തിനറിഞ്ഞുകൂടാ. പ്രസംഗമാണെങ്കിൽ തീരെ മോശം. ഇങ്ങനെ ഒരു ന്യൂനതകുറ്റങ്ങളുണ്ടു് അദ്ദേഹത്തിനു്. അവയെല്ലാം അയൽപക്കത്തെ വീടുകളിലും പീടികത്തിണ്ണകളിലും ഇരുന്നു് വിശകലനം ചെയ്കയെന്നതാണു് ചാക്കോച്ചൻ പള്ളിയിൽനിന്നു് തിരിച്ചെത്തിയാലുള്ള മുഖ്യതൊഴിൽ.

ഞങ്ങളുടെ അടുത്ത അയൽക്കാരിയാണു് മേരിക്കുട്ടി. മൂന്നു കുട്ടികളുണ്ടു്. ഭർത്താവുണ്ടു്, ധനസമൃദ്ധമായ ഒരു കുടുംബമുണ്ടു്. പതിവ്രതയാണു്. സ്കൂൾ ഫൈനൽ പാസ്സായവളാണു്. അനുദിനദിവ്യപൂജയോ വൈകുന്നേരത്തെ കൊന്തനമസ്കാരമോ ഒരിക്കലും മുടക്കുകയില്ല ആ വീട്ടിൽ അമ്പതു് വയസ്സു് പ്രായമുള്ള രോഗിണിയായ ഒരു ത്രേസ്യാച്ചേടത്തിയുണ്ടു്, അടുക്കളയിലെ സകല ജോലികളും അവർ ചെയ്യണം കാലത്തു് മേരിക്കുട്ടിയും ഭർത്താവും എഴുന്നേൽക്കുമ്പോൾ മുഖം കഴുകുന്നതിനു് ചൂടുവെള്ളം റെഡിയായിരിക്കണം. മുററമടിക്കണം, വെള്ളംകൊണ്ടുവരണം, കുട്ടികളെ കുളിപ്പിക്കണം, ചുരുക്കത്തിൽ, കാലത്തു് മൂന്നു മണിമുതൽ രാത്രി പത്തുമണിവരെ അവർ ചെയ്യേണ്ട ജോലികൾക്കു് കണക്കില്ല. ഇതിനെല്ലാം അവർക്കു കിട്ടുന്ന പ്രതിഫലമോ? കലത്തിന്റെ മൂട്ടിലെ കരിഞ്ഞ ചോറും കാലത്തു മുതൽ വൈകുന്നേരംവരെ ശകാരവർഷവും.

ഇങ്ങനെ പോകുന്നു നമ്മുടെ ഭക്തജനമാലിക. ഭക്തരുടെ എണ്ണം മലബാറിൽ കുറവല്ല. പക്ഷെ, വിശുദ്ധരെ അന്വേഷിച്ചു് അലയുന്നതുകൊണ്ടു് പ്രയോജനമില്ല തടി നല്ലതാണു്, നീളമുണ്ടു്, വണ്ണമുണ്ടു്, നല്ല കാതലുണ്ടു്, എങ്കിലും എവിടെയോ ഒരു വളവു്, അല്ലെങ്കിൽ ഒരു പിരിവു്, അതുമല്ലെങ്കിൽ ഒരു പോതു്. മാക്കററിൽ തടിയുടെ വില പോയി.

കൊച്ചുത്രേസ്യാ പുണ്യവതിയായി, മറിയഗൊരേത്തി പുണ്യവതിയായി, ഡോൺബോസ്കോ പുണ്യവാനായി, ഗബ്രിയേൽ പൊസ്സേന്തി പുണ്യവാനായി. അങ്ങനെ കത്തോലിക്കാ സഭയിൽ അനേകായിരം വിശുദ്ധന്മാരും വിശുദ്ധകളും ഉണ്ടായിട്ടുണ്ടു്. പക്ഷെ, നമ്മുടെ ഈ മലബാറിൽമാത്രം, മാർത്തോമ്മായുടെ മക്കൾ വസിക്കുന്ന ഈ കേരളക്കരയിൽമാത്രം വിശുദ്ധരെ കാണാനില്ല—വിശുദ്ധരെന്നു് തിരുസ്സഭയാൽ അംഗീകരിക്കപ്പെട്ടവരെ.

എന്തു് കാലക്കേടാണിതു്? ഇതു് എന്നു് നീങ്ങും?

# പുണ്യപൂർണ്ണത

(എസ്. പി. കാച്ചപ്പിള്ളി, ആലുവാ)



ലേഖകൻ

ചിലർ സംശയിക്കുന്നുണ്ടു്, പുണ്യപൂർണ്ണത പ്രാപിക്കുകയെന്നതു് ആധുനികയുഗത്തിലെ സാമാന്യമനുഷ്യനു സാദ്ധ്യമാണോയെന്നു്. വഞ്ചനയും കാപട്യവും കൊണ്ടു മുരടിച്ച മനുഷ്യജീവിതം പുണ്യപൂർണ്ണമാകുവാൻ സാദ്ധ്യമല്ലെന്നാണു് അവരുടെ വാദഗതി. "വിശപ്പിന്റെ വിളി"യെ തൃപ്തിപ്പെടുത്താൻ വേണ്ടി—ഒരു ചാൺ വയറിനുവേണ്ടി എന്തു് അനീതിയും ചെയ്‌വാൻ മടിക്കാത്ത മനുഷ്യരുണ്ടോ പുണ്യത്തിന്റെ തികവിൽ എത്തിച്ചേരുന്നു? അതു് ചിന്തിക്കുവാൻ പോലും സാദ്ധ്യമല്ലെന്നു് ചില അല്പജ്ഞന്മാർ ശഠിക്കുന്നു.

ലോകബന്ധങ്ങളെല്ലാം കൈവെടിഞ്ഞു് ഈശ്വരചിന്തയിൽ മാത്രം ജീവാർപ്പണം ചെയ്യുന്ന വനവാസികൾക്കോ, സന്യാസികൾക്കോ മാത്രം സാധിക്കാവുന്ന ഒരു അമൂല്യവരമാണു് പുണ്യപൂർണ്ണതയെന്ന അഭിപ്രായക്കാരുമില്ലാതില്ല.

മനുഷ്യസൃഷ്ടിയുടെ പരമോദ്ദേശ്യത്തെപ്പററിയുള്ള അജ്ഞതയാണു്, ഈദൃശസന്ദേഹങ്ങളവരിലങ്കുരിപ്പിക്കുന്നതു്. ദൈവം മനുഷ്യനെ സൃഷ്ടിച്ചതു് എന്തിനു്? സുഖിക്കാനാണോ? അതെ, അനശ്വരസുഖം—അനന്താനന്ദം അനുഭവിപ്പാൻ തന്നെ.

ക്ഷണികമായ ലോകജീവിതം സനാതനസൗഭാഗ്യമേകുവാൻ പ്രാപ്തമാണോ? അതെയെന്നു് പറയും ചില ലൗകായതികർ—നിരീശ്വരന്മാർ. കാരണം ലോകമാണു് അവരുടെ സർവ്വസ്വവും. ലോകസുഖം തന്നെ അവരുടെ ജീവിതലക്ഷ്യവും. പ്രപഞ്ചത്തിലെ സുഖഭോഗാദികൾ, ആനന്ദാനുഭൂതികൾ ഇവയിൽ മാത്രം അവർ പുണ്യപൂർണ്ണത ദർശിക്കുന്നു, വിശ്വസിക്കുന്നു.

ദൈവനിർദ്ദിഷ്ടമായ, മനുഷ്യന്റെ പരമാന്ത്യപ്രാപ്തി ഇതിൽനിന്നും തുലോം വ്യത്യസ്തമാണു്. ദൈവത്തെ പ്രാപിക്കുക അഥവാ നിത്യരക്ഷ നേടുക എന്നതാണു് മനുഷ്യജന്മത്തിന്റെ ഉദ്ദേശ്യം-ഏകനിദാനം. അതു് യഥാവിധി സാധിതമായാൽ അവന്റെ ലോകജീവിതം വിജയപ്രദമായി.

പുണ്യപരിപൂർണ്ണതയിലൂടെയാണു് സ്വർഗ്ഗകവാടത്തെ പ്രാപിക്കേണ്ടതു്, അല്ലാ, അതിൽ പ്രവേശിക്കേണ്ടതു്. വേറെ മാർഗ്ഗമില്ല. എങ്ങിനെയാണു് അതു് സാധിക്കുക? വലിയപ്രയാസമുണ്ടോ? ഇല്ല. എല്ലാകാര്യങ്ങളിലും നമ്മുടെ മനസ്സിനെ നിഗ്രഹിക്കണം. ദൈവതിരുമനസ്സിൽ മാത്രം അഭയം തേടണം, സ്വയം അർപ്പിക്കണം-ഇതു് വലിയ വിഷമമായിത്തോന്നും, അഹംഭാവികൾക്കു്. മാലാഖാമാരെപ്പോലും നരകപാതാളത്തിൽ നിപതിപ്പിയ്ക്കുവാൻ കാരണമാക്കിയ ഈ ദുരദൃഷ്ടം നമ്മിൽ വേരൂന്നാതിരിക്കട്ടെ.

എന്താണു് പുണ്യ പൂർണ്ണത? ദാനധർമ്മങ്ങളിലോ, കൂദാശങ്ങളുടെ സ്വീകരണങ്ങളിലോ സന്യാസവസ്ത്രധാരണത്തിലോ മാത്രം ഒതുങ്ങിനില്ക്കുന്നതാണോ അതു്? അല്ലല്ലാ, പരമാബദ്ധം. ആത്മവിശുദ്ധിക്കും പുണ്യ പൂർണ്ണതയ്ക്കും അവ സഹായകങ്ങളെന്നു് സമ്മതിക്കാം; നിഷ്കളങ്കമായ ഒരു ഹൃദയം—പരസ്നേഹ ചൈതന്യത്താൽ ത്രസിക്കുന്ന ഒരു മനസ്സു്. ഇതാണു് ആവശ്യം.

ചിലക്കു് ഒരു തെററിദ്ധാരണയുണ്ടു്, ഈ വിഷയത്തിൽ. പുണ്യപൂർണ്ണനാകുന്നതിനു്-വിശുദ്ധനാകുന്നതിനു് ജീവിതകാലത്തിൽ അമാനുഷകൃത്യങ്ങൾ ചെയ്യണമെന്നു്, അഥവാ അത്ഭുതങ്ങൾ പ്രവർത്തിക്കണമെന്നു്. ഒന്നും വേണ്ട, അല്പം ത്യാഗം-നിയന്ത്രണം നമ്മുടെ ജീവിതത്തിൽ വരുത്തണം; അതു് അഭംഗമായി പാലിക്കയും വേണം, മരണം വരെ. അതു മതി. ദൈവസ്നേഹം ഒഴിച്ചുകൂടായെന്നു അറിയാമല്ലൊ.

## അൽമായ കർമ്മലീത്തരോട്

# അറിവിനാലുള്ള ദൈവസാന്നിദ്ധ്യം

(റവ. ഫാ. അക്കേയിൻജൽ, ഒ. സി. ഡി.)

കഴിഞ്ഞലക്കത്തിൽ സർവ്വേശ്വരന്റെ സത്തയാലുള്ള സാന്നിദ്ധ്യത്തെക്കുറിച്ചാണ് എഴുതിയിരുന്നതു്. അതുകൂടാതെ പ്രകൃത്യാലുള്ള സാന്നിദ്ധ്യം തന്നെ അറിവു്, ശക്തി, ഇവയിലുമുണ്ടു്.

സർവ്വശക്തൻ സ്വന്തം സത്തയാൽ സമസ്തസൃഷ്ടികളുടെ സത്തയോടും യോജിച്ചു്, അവയ്ക്കു് അസ്തിത്വവും ജീവനും നൽകുക മാത്രമല്ല, ജ്ഞാനത്താൽ സർവ്വവും കണ്ടറിയുകയും ചെയ്യുന്നു. ഇതു് ഓരോ സൃഷ്ടികളിലും അധിവസിച്ചുകൊണ്ടാണ് സാധിക്കുന്നതു്. സത്തയാലുള്ള സാന്നിദ്ധ്യത്തിൽനിന്നു തന്നെയാണ് അറിവിനാലുള്ള സാന്നിദ്ധ്യം അനുമാനിക്കപ്പെടുന്നതു്. എവിടെയും എക്കാലത്തും സന്നിഹിതനായിരിക്കുന്ന ബുദ്ധിമാൻ എല്ലാം അറിയുക ആവശ്യമാണല്ലൊ. ഭൂത, വർത്തമാന, ഭാവിഭേദങ്ങൾ

---

ദൈവം നിശ്ചയിക്കുന്ന സംഗതികൾ, ദൈവം നിശ്ചയിക്കുന്നവിധത്തിൽ ചെയ്യുന്നതിലാണ് പുണ്യപൂർണ്ണത അടങ്ങിയിരിക്കുന്നതു്. അനേകം ഭക്തസംഘടനകളിൽ അംഗമായിരുന്നതുകൊണ്ടുമാത്രം ഇതു് സാധിക്കുവാൻ പോകുന്നില്ല.

ദൈവത്തിന്റെ പ്രമാണങ്ങൾ, തിരുസഭയുടെ കല്പനകൾ, ഓരോരുത്തരുടേയും ജീവിതാന്തസ്സിന്റെ കടമകൾ ഇവയാണ് മനുഷ്യരനുഷ്ഠിക്കുവാനായി ദൈവം നിർദ്ദേശിച്ചിരിക്കുന്ന സംഗതികൾ എന്നു് സംക്ഷേപമായി പറയാം. ഇവയുടെ അന്യൂനമായ-പൂർണ്ണമായ നിർവ്വഹണമാണ് മനുഷ്യന്റെ പുണ്യപൂർണ്ണതയ്ക്കായി ദൈവം തിരുമനസ്സായിരിക്കുന്ന വിധം.

ലോകത്തിൽ വെറും സാമാന്യജീവിതം നയിച്ചിരുന്നവർതന്നെ വിശുദ്ധരുടെ ഗണത്തിൽ വിരളമല്ല. അവരുടെ വിജയരഹസ്യമെന്തു്? മറ്റൊന്നുമല്ല, സ്വജീവിതധർമ്മങ്ങൾ, അസാമാന്യമായവിധത്തിൽ ഏററവും നല്ല നിയോഗശുദ്ധിയോടും, വേണ്ടവിധത്തിലും, വേണ്ടസമയത്തും ചെയ്തു. അതുമാത്രം. നമ്മിൽ പലരും, അസാമാന്യ സംഗതികൾപോലും പുണ്യപൂർണ്ണതയ്ക്കു് സഹായകമായി ചെയ്യുന്നുണ്ടാകാം. പക്ഷെ, പലപ്പോഴും വ്യർത്ഥാഭിമാനത്താൽ പ്രേരിതരായി സ്വാർത്ഥം ലക്ഷ്യമാക്കി, ക്രമംതെററി നാമിവ നിർവ്വഹിക്കുന്നു. ഇതാണ് വിശുദ്ധന്മാരും നാമും തമ്മിലുള്ള അന്തരം. എന്തുചെയ്തു എന്നതിനേക്കാൾ എങ്ങിനെചെയ്തു എന്നതിലാണല്ലോ മാഹാത്മ്യം സ്ഥിതിചെയ്യുന്നതു്. ദൈവദൃഷ്ടിയിലും ഈ തത്വം അംഗീകരിക്കുന്നതു് വിഭിന്നരീതിയിലല്ല.

പ്രാർത്ഥിക്കുവാൻ ദേവാലയത്തിൽപോയ ഫ്രീശന്റെ മനസ്ഥിതി നാം വേദാഗമങ്ങളിൽനിന്നും അറിയുന്നുണ്ടു്. സ്വന്ത മഹിമയ്ക്കുവേണ്ടി, പ്രശംസയ്ക്കുവേണ്ടി പുണ്യകർമ്മങ്ങളെ പാപക്കുണ്ടിലേക്കു് സ്വയം നിപതിപ്പിക്കരുതു്-അതാണ് തെററു്. സ്വാർത്ഥം വെടിഞ്ഞുകൊണ്ടുള്ള എല്ലാ നല്ല പ്രവൃത്തികളും പുണ്യമാണ്-പക്ഷെ, അഹങ്കാരമരുതു്.

സർവ്വപ്രധാനമായി ഒരു നല്ല മനസ്സാക്ഷി നമ്മിൽ ദൃഢമൂലമാകണം. ക്രിസ്ത്വാനുകരണ കർത്താവു പറയുന്നു: "ഒരു നല്ല മനസ്സാക്ഷി നിനക്കുണ്ടായിരിക്കട്ടെ, എന്നാൽ നിനക്കു് എപ്പോഴും ആനന്ദം ഉണ്ടായിരിക്കും" എന്നു്. വാസ്തവമല്ലേ? ഹൃദയാനന്ദമുള്ളവന്റെ മുഖം എപ്പോഴും പ്രസന്നമായിരിക്കയില്ലേ? അവന്റെ ഹൃദയം അനുഭവിക്കാനിരിക്കുന്ന സ്വർഗ്ഗാനന്ദത്തിന്റെ പ്രതിച്ഛായതന്നെയാണതു്. എന്തു് അസുഖങ്ങൾ വരട്ടെ, അനർത്ഥങ്ങൾ സംഭവിക്കട്ടെ, മരണകവാടംതന്നെ അവനെതിരെ തുറക്കപ്പെടട്ടെ, അവന്റെ മുഖം അപ്പോഴും അചിന്ത്യമായ കാന്തിയാലാവരണം ചെയ്യപ്പെട്ടിരിക്കും. ദൈവത്തിന്റെ ഹിതം! അതു് മാത്രമായിരിക്കും, അവന്റെ പ്രത്യാശ. നിരന്തരമായ ഈ അഭിനിവേശം അനതിവിദൂരഭാവിയിൽ അവനെ പുണ്യപൂർണ്ണനാക്കും-വിശുദ്ധനാക്കും.

ഈശ്വരനിലില്ല. അദ്ദേഹത്തിന് എപ്പോഴും വർത്തമാകാലംതന്നെയാണ്.

പട്ടക്കുററൻ ഗോപുരത്തിൻെറ ഉച്ചിയിൽ നിന്നുകൊണ്ട്, ചുററും നടക്കുന്ന സംഗതികളെ കാണുന്നവനെപ്പോലെ മാത്രമല്ല, ഓരോ ചെറിയ വസ്തുവിൻെറയും ഏററം ചെറിയ അംശത്തിലും സന്നിഹിതനായിരുന്നുകൊണ്ട് സർവ്വേശ്വരൻ സർവ്വവും വീക്ഷിക്കുന്നു.

അരൂപികൾക്കുപോലും അപ്രാപ്യമാംവിധം ഹൃദയാന്തർഭാഗത്ത് അങ്കുരിച്ച് അപ്രത്യക്ഷമാകുന്ന വിചാരവീചികളെയും ദൈവം അറിയുന്നുണ്ട്. "മനുഷ്യൻെറ മാർഗ്ഗങ്ങളെ കർത്താവു കാണുകയും അവൻെറ കാലടികളെയെല്ലാം ശ്രദ്ധിക്കയും ചെയ്യുന്നു"—(സുഭാ. 5/21 ) ആയിരമായിരം മൈൽ ദൂരെ ഇരിക്കുന്ന ഒരാളെ "ടെലവിഷൻെറ" സഹായത്താൽ നമുക്കു കാണുവാൻ സാധിക്കുന്നതിൽനിന്ന് ദൈവജ്ഞാനത്തിൻെറ ഒരു നേരിയ ഛായ ഗ്രഹിക്കാവുന്നതാണ്. ദൈവം ദൂരെ സ്വർഗ്ഗത്തിലിരുന്നുമാത്രമല്ല, ഏററവും അടുത്തിരുന്നുതന്നെ കാണുന്നു.

"കർത്താവ് ആകാശത്തിൽനിന്ന് സൂക്ഷിച്ചുനോക്കി മനുഷ്യപുത്രന്മാരെല്ലാവരേയും കണ്ടു. അവിടുത്തെ സിംഹാസനത്തിൽ നിന്ന് ഭൂവാസികളെ എല്ലാം സൂക്ഷിച്ചുനോക്കി. മനുഷ്യപുത്രന്മാർ എല്ലാവരേയും കണ്ടു. അദ്ദേഹത്തിൻെറ സിംഹാസനത്തിൽ നിന്നു ഭൂവാസികളെല്ലാവരേയും തൃക്കൺപാർത്തു. എന്തുകൊണ്ടെന്നാൽ അവിടുന്നു അവരുടെ ഹൃദയങ്ങളെ ഒരുപോലെ മനഞ്ഞു അവരുടെ എല്ലാ പ്രവൃത്തികളേയും ഗ്രഹിക്കുകയും ചെയ്തു." (സുഭാ. 33/13–15)

മുമ്പു പ്രസ്താവിച്ചതുപോലെ സ്വർഗ്ഗത്തിൽനിന്നു മാത്രമല്ല, ഓരോ സൃഷ്ടികളുടെ എല്ലാഭാഗങ്ങളിലും ഇരുന്നുകൊണ്ട് സർവ്വേശ്വരൻ അവയെ അറിയുന്നു. ഏററം ബ്രഹ്മാണ്ഡമായ നക്ഷത്രത്തിൻെറ ചലനവും ഏററവും ചെറിയ പൂവിൽനിന്ന് ഉതിർന്നു വീഴുന്ന ഇതളിൻെറ ഇളക്കവും, സകല ജീവജാലങ്ങളുടെ അനക്കവും അവിടുന്ന് അവയിൽ അധിവസിച്ചുകൊണ്ട് അറിയുന്നു. "അയാളുടെ മുമ്പാകെ അദൃശ്യമായ ഒരു സൃഷ്ടിയും ഇല്ല. എന്നാൽ സകലവും അയാളുടെ കണ്ണുകൾക്ക് നഗ്നവും തുറന്നതുമായിരിക്കുന്നു" (എബ്രാ. 4/13).

സൂര്യരശ്മി എത്താത്ത ഇടം ഭൂമിയിലുണ്ട്. പക്ഷെ ദൈവദൃഷ്ടിക്കഗോചരമായിഒന്നുംതന്നെയില്ല.

പോലീസുകാരൻ കുററക്കാരെമാത്രം കണ്ടുപിടിക്കാൻ ശ്രമിക്കുന്നതുപോലെ ദൈവം നമ്മുടെ കുററങ്ങൾ മാത്രം നോക്കിയിരിക്കുന്നുവെന്നു ധരിക്കരുത്. "കർത്താവിൻെറ കണ്ണുകൾ എല്ലാസ്ഥലത്തും നന്മയും തിന്മയും ദർശിക്കുന്നു" എന്നാണ് വേദോക്തി (പഴമൊഴി. 15/3) നമ്മുടെ ഓരോ നന്മപ്രവൃത്തിയും ആ നല്ല പിതാവ് കണ്ടു സന്തോഷിക്കുകയും, നമ്മെ സമ്മാനിക്കുവാനായി പാർത്തിരിക്കുകയും ചെയ്യുന്നു. ഒരു പാനപാത്രം തണുത്തവെള്ളം മാത്രം കുടിക്കാൻ കൊടുത്താലും അതിൻെറ പ്രതിഫലം ഒരുവനു നഷ്ടപ്പെടുകയില്ല (മത്തേ 10/42.)

സർവ്വേശ്വരൻ സമസ്തവും വീക്ഷിക്കുന്നു എന്ന ചിന്ത പാപത്തിൽ പതിക്കാതിരിക്കുന്നതിനുള്ള പ്രധാന പ്രതിവിധിയാണ്. തേങ്ങാ മോഷ്ടിക്കുവാൻ വേണ്ടി കൊച്ചുമകനേയും കൂട്ടിക്കൊണ്ടുപോയ കള്ളൻ, "അപ്പാ! ഒരാൾ കാണുന്നു! ഒരാൾ കാണുന്നു!" എന്നു കുഞ്ഞുമകൻ വിളിച്ചുപറയുന്നതുകേട്ട് തിടുക്കത്തിൽ ഇറങ്ങി അവനേയും കൂട്ടിക്കൊണ്ട് വീട്ടിൽ എത്തി. "ആരാടാ, നോക്കിക്കൊണ്ടിരുന്നതു്? എന്ന ചോദ്യത്തിനു മകൻ നൽകിയ മറുപടി അപ്പനെ ഇളിഭ്യനാക്കി. വേദപാഠക്ലാസിൽവച്ചു വൈദികൻ കുഞ്ഞിനെ പഠിപ്പിച്ചതു ദൈവം എല്ലാം കാണുന്നു എന്നായിരുന്നു. കർത്താവ് എല്ലാം കാണുന്നു എന്ന പരമസത്യം ആ കള്ളൻെറ കുഞ്ഞിൻെറ കരളിൽ പതിഞ്ഞിരുന്നതുപോലെ നമ്മുടെ ഹൃദയങ്ങളിലും വേരൂന്നിയിരുന്നെങ്കിൽ! അതു നമ്മുടെ പ്രവൃത്തികളിൽ പ്രതിഫലിച്ചിരുന്നെങ്കിൽ!

## ശക്തിയാലുള്ള ദൈവസാന്നിദ്ധ്യം

സ്വഭാവത്താലും അറിവിനാലും മാത്രമല്ല സ്വശക്തിയാലും സർവ്വേശ്വരൻ സൃഷ്ടികളിൽ മറഞ്ഞിരുന്നുകൊണ്ട് അവയെ നടത്തുന്നു. ഭൂമിക്കുചുററും വ്യാപിച്ചുകിടക്കുന്ന വായു അദൃശ്യമാണെങ്കിലും, കാററടിച്ച് ഇലകളിളകുമ്പോൾ അതിൻെറ സാന്നിദ്ധ്യം നാം ഗ്രഹിക്കുന്നു. കാററിൻെറതന്നെ ചലനത്തിനു കാരണം അതിൽ തേടിയാൽ കിട്ടുകില്ല. സ്വതേ ചലിക്കുന്നതിനുള്ള ശക്തി കാററിനുണ്ടെങ്കിൽ സദാ ചലിക്കുന്നതിനും, അന്തമില്ലാതെ ചലനം നിലനിർത്തുന്നതിനും അതിനു കഴിയണം. ഒരു ബാലൻ കുറെ ചെങ്കല്ലുകൾ എടുത്ത് കുനായി വയ്ക്കുന്നു, ആരും അവയിൽ തട്ടാതിരുന്നാൽ വച്ചതുപോലെ അവ

നിൽക്കും. അടിയിൽ വച്ചിരിക്കുന്ന കല്ലിൽ ബാലൻ തട്ടുന്നു. എല്ലാംകൂടി താഴെ വീഴുന്നു. പ്രപഞ്ചത്തിലുള്ള സകല സൃഷ്ടികളും ചലനം കൊടുക്കുന്നതു് ഈശ്വരന്റെ ശക്തിയാണു്. ഈശ്വരശക്തിയാൽ അവ ചലിക്കുകയും ചരിക്കുകയും ചെയ്യുന്നു. സ്വയം ചലിക്കുന്നതിനുള്ള ശക്തി അവയ്ക്കില്ല.

ചലിക്കുന്നതിനും ചരിക്കുന്നതിനും മാത്രമല്ല, സ്ഥിതിചെയ്യുന്നതിനുതന്നെയും ഈശ്വരശക്തി കൂടിയേതീരൂ. ഇതിനു ദൈവപരിപാലന എന്നു പേർ. പരിമിതങ്ങളായ സൃഷ്ടിവസ്തുക്കൾക്കു് സ്വയം അസ്തിക്യം നൽകാൻ കഴിയാത്തതുപോലെ ഭാവാവസ്ഥയിൽ തുടർന്നുനില്ക്കുന്നതിനും സ്വയമേ ശക്തിയില്ല. ആ ശക്തി ഈശ്വരൻ തുടർച്ചയായി നല്കികൊണ്ടിരിക്കുന്നു. പ്രസ്തുത ദൈവപരിപാലനയെ തുടർച്ചയായ സൃഷ്ടി എന്നു ന്യായമായി വിളിക്കാം. തന്റെ ശക്തിയാലുള്ള സാന്നിദ്ധ്യത്താൽ ദൈവം ഇവയെല്ലാം ചെയ്യുന്നു.

മനുഷ്യാത്മാവു് ശരീരത്തിന്റെ സകല ഭാഗങ്ങളിലും വ്യാപിച്ചിരുന്നുകൊണ്ടു് ശാരീരിക വ്യാപാരങ്ങളെ നടത്തുന്നതുപോലെ, ഇല്ലായ്മയിൽനിന്നു നമ്മെ ഉളവാക്കിയ ദൈവശക്തി നമ്മിൽ സ്ഥിതിചെയ്തുകൊണ്ടു് നമ്മെ ഉണ്മയിൽ നിലനിത്തുകയും പ്രവത്തിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ഈ ശക്തിതന്നെയാണു് അവിടുത്തെ അധികാരവും.

ഒരു മഹാരാജാവിന്റെ അധികാരം രാജ്യമാസകലം അനുഭവപ്പെടുന്നതുപോലെ ദൈവത്തിന്റെ അധികാരം അഥവാ ശക്തി സകല സൃഷ്ടികളിലും കാണുന്നുണ്ടു്. രാജ്യത്തിന്റെ നാനാഭാഗത്തും ഒരേ സമയത്തു് സന്നിഹിതനായി സ്വന്ത അധികാരം നടത്തുവാൻ രാജാവിനു് സാധിക്കില്ലെങ്കിലും ദൈവത്തിനു കഴിയുന്നു. അപ്രകാരം നടത്തുന്നു.

യന്ത്രത്തിനു പുറമെ ഇരുന്നുകൊണ്ടു് എൻജിൻ നടത്തുന്ന ഡ്റൈവരെപ്പോലല്ല; വസ്തുക്കളുടെ സ്വഭാവത്തോടു യോജിച്ചിരുന്നുകൊണ്ടു് സർവേശ്വരൻ സ്വശക്തിയാൽ അവയെ പ്രവത്തിപ്പിക്കുന്നു. മോട്ടോർ ചലിപ്പിക്കുന്ന വൈദ്യുതശക്തിയോടു് ദൈവത്തിന്റെ പ്രവർത്തനത്തിനു കൂടുതൽ സാമ്യമുണ്ടു്. ആകാശത്തിലെ ബ്രഹ്മാണ്ഡമായ ഗോളത്തെയും, സമുദ്രാഗാധത്തിൽ കിടക്കുന്ന ഏററം ചെറിയ അണുവിനെയും, ആ അണുവിലുള്ള പ്രോട്ടോൺസ്—എലക്ട്രോൺസു് ആദിയായവകളെയും ചലിപ്പിക്കുന്ന ശക്തി ഈശ്വരന്റേതാണു്. നമ്മുടെ ഉള്ളംകയ്യിൽ വച്ചിരിക്കുന്ന ഗ്ലാസ്, കൈവലിച്ചുകളഞ്ഞാൽ താഴെ വീണു ഛിന്നഭിന്നമായിപ്പോകുന്നതുപോലെ, ദൈവം തന്റെ ശക്തി വസ്തുക്കളിൽനിന്നു നിമിഷനേരത്തേയ്ക്കു് പിൻവലിച്ചാൽ അവ ശൂന്യമാകും.

നാം കൈകാലുകൾ ചലിപ്പിക്കുകയോ മാനസികശക്തികളെക്കൊണ്ടു് പ്രവർത്തിപ്പിക്കുകയോ ചെയ്യുമ്പോഴും ഈശ്വരശക്തി നമ്മുടെ സഹായത്തിനുണ്ടു്. ഈ ശക്തിയെ ചിലർ പാകെട്ടിയ വള്ളത്തെ ചലിപ്പിക്കുന്ന കാററിനോടും വേറെ ചിലർ ഇരട്ടക്കുതിര വണ്ടിയിലെ കുതിരയോടും ഉപമിക്കാറുണ്ടു്. രണ്ടുപമകളും തമ്മിലുള്ള വ്യത്യാസത്തിന്റെ വിശദാംശത്തേക്കു് കടക്കേണ്ട ആവശ്യം തല്ക്കാലം നമുക്കില്ല. താൻ പാതി ദൈവം പാതി എന്നപോലെ നടത്തുക.

സ്വഭാവം, അറിവു്, ശക്തി ഇവയാലുള്ള ദൈവത്തിന്റെ സാന്നിദ്ധ്യത്തെപ്പററിയുള്ള ചിന്ത സദ്വൃത്തക്കു് ആമോദജനകവും ദുവൃത്തർക്കു് ആക്ഷേപകരവുമാണു്. ഈശ്വരൻ നമ്മോടിത്രമാത്രം യോജിച്ചിരുന്നുകൊണ്ടു് സർവവും വീക്ഷിക്കുകയും സഹായിക്കുകയും ചെയ്യുമ്പോൾ അവിടുത്തെ വിനീതദാസക്കു് എന്തിനെ ഭയപ്പെടണം? പക്ഷെ, അവിടുത്തെ സാന്നിദ്ധ്യത്തിൽ അവിടുത്തെ ശക്തി ദുർവിനിയോഗിക്കുന്നവർ തീർച്ചയായും ഞെട്ടിവിറയ്ക്കുക തന്നെവേണം.

ക്ലാസ്സിൽ ആരുമില്ലാത്ത തക്കംനോക്കി ഒരു വിദ്യാർത്ഥി സഹപാഠികളിൽ ഒരുവന്റെ പേനാക്കത്തി മോഷ്ടിച്ചു. വാദ്ധ്യാരെ ഭയന്നു് വീട്ടിൽ ഒളിച്ചുവച്ചുകളയാമെന്നു കരുതി വീട്ടിൽചെന്നപ്പോൾ, മാതാപിതാക്കൾ അറിഞ്ഞാൽ കുഴപ്പമാകുമെന്നു കരുതി അടുത്ത കുററിക്കാട്ടിലേയ്ക്കു തിരിച്ചു. അവിടെ ഒരു കല്ലിനുകീഴെ ഒളിച്ചുവയ്ക്കുന്നതിനു് കല്ലുയർത്തിയപ്പോൾ ഈശ്വരൻ കാണുമല്ലോ എന്ന ചിന്ത അവനെ കുഴക്കി. വേഗം പേനാക്കത്തിയുമായി സ്കൂളിലേയ്ക്കു ഓടി. ആരും അറിയാതെ പേനാക്കത്തി പൂർവസ്ഥാനത്തു നിക്ഷേപിച്ചിട്ടു് സ്വന്തം സ്ഥാനത്തു വന്നിരുന്നു സമാധാനിച്ചു.

ഈശ്വരസ്മരണ പാപകമ്മങ്ങളെ പ്രതിരോധിക്കുകയും പുണ്യത്തെ പ്രചോദിപ്പിക്കുകയും ചെയ്യും. "കർത്താവിന്റെ കണ്ണുകൾ എല്ലായിടത്തും ശിഷ്ടരേയും ദുഷ്ടരേയും നോക്കിക്കൊണ്ടിരിക്കുന്നു." (സുഭാ. 15/3) "അയാളുടെ മുമ്പാകെ അദൃശ്യമായ ഒരു സൃഷ്ടിയും ഇല്ല." (എബ്രാ. 4/13) ഈ സത്യം നമ്മുടെ സ്മരണയിൽ സദാ നിഴലിക്കട്ടെ.

# “രാജാക്കന്മാരുടെ രാജാവ്”

(ഫാ. ജോസഫ് അഗസ്റ്റിൻ ററി. ഒ. സി. ഡി.)

മിശിഹാ രാജാവാണ്. സകല ഭൗതികരാജാക്കന്മാരെക്കാൾ വലിയ രാജാവും. എല്ലാ ഭൗതികരാജാക്കന്മാരുടെതന്നെ രാജാവുമാണ് മിശിഹാ. അതിനാൽ തിരുസഭ മിശിഹായെ “രാജാക്കന്മാരുടെ രാജാവെ”ന്നു വിളിക്കുന്നതു സകാരണമത്രെ

## 1. മിശിഹാ രാജാവാണ്:

നമ്മുടെ വിശ്വാസത്തിൻെറ ഒരു തത്വശകലമത്രെ മിശിഹായുടെ രാജത്വം. വിശുദ്ധഗ്രന്ഥങ്ങളിലും ക്രിസ്തീയ പാരമ്പര്യത്തിലും ഇതിനു ധാരാളം തെളിവുകളുണ്ട്. നമ്മുടെ കർത്താവ് തൻെറ പീഡാനുഭവത്തിൻെറ അവസരത്തിൽ പീലാത്തോസിൻെറ അരമനയിൽവച്ച് തൻെറ രാജത്വം പ്രഖ്യാപനം ചെയ്തുകൊണ്ടു വെളിപാടിനെ പൂർത്തിയാക്കി. “പീലാത്തോസ്........ ഈശോയെ വിളിച്ച്, അവനോട്, നീ യൂദന്മാരുടെ രാജാവാകുന്നുവോ എന്ന് ചോദിച്ചു. ഈശോ അവനോട് ഇതു നീ സ്വയമായി പറഞ്ഞുവോ, അതോ എന്നെക്കുറിച്ച് മററുള്ളവർ നിന്നോട് പറഞ്ഞുവോ എന്നു ചോദിച്ചു ............ പീലാത്തോസ് അവനോട് ആകയാൽ നീ രാജാവാകുന്നുവോ എന്ന് ചോദിച്ചു. ഈശോ അവനോട് ഞാൻ രാജാവാകുന്നുവെന്ന് നീ പറഞ്ഞുവല്ലോ. ഇതിനായിട്ട് ഞാൻ ജനിച്ചിരിക്കുന്നു . . , എന്നരുളിചെയ്തു’ യോഹ: (xix 33-37 passim) അതിനാൽ മിശിഹായുടെ രാജത്വം നമ്മുടെ വിശ്വാസമാണ്.

## 2. മിശിഹായുടെ രാജത്വത്തിൻെറ സ്വഭാവം:

മിശിഹാ രാജാവാകുന്നുവെന്നു പറയുമ്പോൾ ദൈവമെന്ന നിലയിൽ താൻ രാജാവാകുന്നുവെന്നല്ല, പ്രത്യുത മനുഷ്യനെന്ന നിലയിലുള്ള തൻെറ രാജത്വമത്രെ നാം മനസ്സിലാക്കേണ്ടതു. മിശിഹാ ദൈവവും മനുഷ്യനുമാണ്. തന്നിൽ ഏക ആൾ മാത്രമെയുള്ളൂ. അതു ദൈവിക ആൾ. തനിക്കു രണ്ടു സ്വഭാവങ്ങൾ ഉണ്ട്—ദൈവസ്വഭാവും മനുഷ്യസ്വഭാവവും. ദൈവമെന്ന നിലയിൽ മിശിഹായിക്ക് രാജത്വം സ്വകീയവും, സാത്വീകവുമാണ്(essential). അതിനാൽ ദൈവമെന്ന നിലയിലുള്ള മിശിഹായുടെ രാജത്വം പ്രത്യേകം പ്രസ്താവിക്കേണ്ട ആവശ്യമില്ല. തൻമൂലം ദൈവമെന്ന നിലയിലുള്ള മിശിഹായുടെ രാജത്വമല്ല മിശിഹാ രാജാവാകുന്നുവെന്നു പറയുമ്പോൾ വിവക്ഷിക്കുന്നതു. മറിച്ച്, മനുഷ്യനെന്നനിലയിൽ മിശിഹാ രാജാവാകുന്നുവെന്നാണ്.

## 3. മിശിഹാ മനുഷ്യനെന്ന നിലയിലും രാജാവാണ്:

ഒരു രാജ്യത്തിലെ ജനങ്ങളെ, അവരുടെ ഭൗതികശ്രേയസ്സിലേക്കു നയിക്കുന്നതിനു പരമാധികാരമുള്ള ഒരു വ്യക്തിയാണല്ലോ രാജാവു. ഇതൊ, ഇതിലും ശ്രേഷ്ഠമൊ ആയ അധികാരം മിശിഹായിക്കുണ്ടെങ്കിൽ താൻ നിശ്ചയമായും രാജാവത്രെ. മിശിഹാ തൻെറ ശ്ലീഹന്മാരെ ലോകത്തിൻെറ നാനാഭാഗങ്ങളിലേയ്ക്കയച്ചുകൊണ്ട് അവരോടു പറയുന്നു: “സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു’ (മത്തായി. xxviii. 18) ഈ വാക്യത്തിൽ നിന്നു മിശിഹാ രാജാവാകുന്നുവെന്നും, അതും താൻ മനുഷ്യനെന്ന നിലയിൽ രാജാവാകുന്നുവെന്നും സ്പഷ്ടമത്രെ. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നുവെന്നും പറയുന്നതിൽ നിന്നു, ഒരു രാജാവിനുണ്ടായിരിക്കേണ്ട പരമധികാരം, അതിൻെറ പാരമ്യത്തിലും, ഏററം വിസ്തൃതമായും മിശിഹായിക്കുണ്ടെന്നു തെളിയുന്നു. അതിനാൽ മിശിഹ രാജാവാണ്. “നൾകപ്പെട്ടിരിക്കുന്നു” എന്ന ഏകപദത്തിലാണ്, മിശിഹാ മനുഷ്യനെന്ന നിലയിലാണ് രാജാവുകുന്നുവെന്നു പറയുന്നതിൻെറ ആന്തരികന്യായം സ്ഥിതിചെയ്യുന്നതു. “നൾകപ്പെട്ടിരിക്കുന്നു” അതായതു ഇല്ലാതിരുന്ന ഒന്നു, ആരൊ നൾകി. അങ്ങിനെ അതു ലഭിച്ചു. ഇവയൊന്നും ദൈവത്തെക്കുറിച്ച് പറയുവാൻപാടില്ല. ദൈവത്തിനു

ഇല്ലാത്തതായി യാതൊന്നുമില്ല, "ആരൊ നൽകി. അങ്ങിനെ ലഭിച്ചു." മററുള്ളവക്കു കൊടുക്കുന്നതിന ല്ലാതെ മററുള്ളവർ ദൈവത്തിനു കൊടുക്കുകയോ, മററുള്ളവരിൽ നിന്നു ദൈവം സ്വീകരിക്കുകയോ സാദ്ധ്യമല്ല അത്രയ്ക്കു സംപൂർണ്ണനാണു ദൈവം. അതിനാൽ സ്വർഗ്ഗത്തിലും ഭൂമിയിലും "സകല അധികാരവും തനിക്കു നൽകപ്പെട്ടിരിക്കുന്നു"യെന്നതു ദൈവമെന്ന നിലയിലല്ല.

എന്നാൽ 'നൽകപ്പെട്ടിരിക്കുന്നു'യെന്നതു മിശിഹായുടെ മനുഷ്യസ്വഭാവത്തെക്കുറിച്ചു പറയാം. മിശിഹായുടെ മനുഷ്യസ്വഭാവം സൃഷ്ടിക്കപ്പെട്ടതത്രെ. തന്മൂലം പരിമിതവുമാണ്. അതിനാൽ മിശിഹായുടെ മനുഷ്യസ്വഭാവത്തെക്കുറിച്ച്, ഇല്ലായിരുന്നു, ആരോ നല്കി, അങ്ങിനെ ലഭിച്ചു എന്നൊക്കെ പറയാം. ദൈവം മിശിഹായിക്കു മനുഷ്യനെന്ന നിലയിൽ അനേക വരങ്ങളും ദാനങ്ങളും നൽകി. അങ്ങിനെയുള്ള ദാനങ്ങളിൽ ഒന്നാണ് മിശിഹായിക്കു സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള അധികാരം. തനിക്ക് ഇല്ലായിരുന്നു, ദൈവം നൽകിയതാണ്. അങ്ങിനെയത്രെ അതു ലഭ്യമായതു്. ഇതു മിശിഹായുടെ മനുഷ്യസ്വഭാവത്തെക്കുറിച്ചുമാത്രം പറയുന്നവയാണ്. ഇതാണ് മിശിഹാ മനുഷ്യനെന്ന നിലയിലുമാണു രാജാവാകുന്നുവെന്നുപറയുന്നതിൻെറ അന്തരികാത്ഥവും, ന്യായവും.

## 4. മിശിഹായുടെ രാജ്യം

പ്രപഞ്ചം മുഴുവൻ മിശിഹായുടെ രാജ്യമാണ്. ആകാശവും ഭൂമിയും മിശിഹായുടെ സാമ്രാജ്യത്തിൽ പെടുന്നു "സ്വർഗ്ഗത്തിലും ഭൂമിയിലും എനിക്കു സകല അധികാരവും നൽകപ്പെട്ടിരിക്കുന്നു." സ്വർഗ്ഗത്തിൽ വിജയശ്രീലാളിതയായ സഭ അല്ലെങ്കിൽ രാജ്യം, ഭൂമിയിൽ സമരം ചെയ്യുന്ന സഭ അല്ലെങ്കിൽ രാജ്യം, ശുദ്ധീകരണസ്ഥലത്തിൽ പീഡയനുഭവിക്കുന്ന സഭ അല്ലെങ്കിൽ രാജ്യം എന്നിങ്ങനെ മൂന്നായി മിശിഹായുടെ രാജ്യത്തെ വിഭജിക്കാം.

## 5. മിശിഹായുടെ പ്രജകൾ

സകല സൃഷ്ടികളും മിശിഹായുടെ പ്രജകളാണ്. മനുഷ്യരും, മലാഖമാരും ബുദ്ധിയില്ലാത്ത ജീവികളും വസ്തുക്കളും മിശിഹായുടെ പ്രജഗണത്തിൽപ്പെടുന്നു.

എന്നാൽ മനുഷ്യരാകട്ടെ, എല്ലാവരും ഒരേ തരത്തിൽ മിശിഹായുടെ പ്രജകൾ അല്ല. മിശിഹായെയും, മിശിഹായുടെ രാജ്യത്തെയും ഭരണത്തെയും അറിയുകയും അംഗീകരിക്കുകയും ചെയ്യുന്നവരും ചെയ്യാത്തവരുമുണ്ട്. അങ്ങിനെ അറിയുകയും അംഗീകരിക്കുകയും ചെയ്യുന്നവരിൽതന്നെ അതിനനുസരണം ജീവിക്കുന്നവരും, ജീവിക്കാത്തവരുമുണ്ട്. മിശിഹായുടെ ഉത്തമപ്രജകളിൽതന്നെ മിശിഹായിലുള്ള വിശ്വാസം, ശരണം, മിശിഹായൊടുള്ള സ്നേഹം, വിശ്വസ്തത, ഐക്യം എന്നിവകളിലുള്ള പൂർണ്ണത വ്യത്യസ്തപ്പെട്ടിരിക്കും.

## 6. മിശിഹായുടെ അധികാരം

മിശിഹാ യഥാർത്ഥ രാജാവാകയാൽ ഒരു ഭൗതികരാജാവിനുള്ള എല്ലാ അധികാരവും മിശിഹായിക്കുണ്ടായിരിക്കണം. നിയമനിർമ്മാണാധികാരം, തക്കങ്ങൾ കേട്ട് തീരുമാനിയ്ക്കുന്നതിനുള്ള നിശ്ചയാധികാരം (judicial power), കുററക്കാരെ ശിക്ഷിക്കുന്നതിനുള്ള അധികാരം ഇങ്ങനെ മൂന്നു പ്രധാന അധികാരങ്ങളാണ് ലൗകീകരാജാക്കന്മാക്കുള്ളതു്. ഈ മൂന്ന് അധികാരങ്ങളും മിശിഹായിക്കുണ്ട്.

മിശിഹാ രാജാവ് മാത്രമല്ല, പുതിയനിയമത്തിലെ പ്രവചാകനും, പുരോഹിതനും ഗുരുവുമാണ്. ഈ നിലയിലും മിശിഹായിക്കു വിപുലങ്ങളും വിശിഷ്ടങ്ങളുമായ അധികാരമുണ്ട്. ഇവയെല്ലാം കൂടെ ഒന്നിച്ചു മിശിഹാരാജാവിൽ സമ്മേളിപ്പിച്ച് വിസ്തൃതമായി പരിഗണിച്ചാൽ, ഭരണാധികാരം, അധ്യാപനാധികാരം വിശുദ്ധീകരണാധികാരം എന്നിങ്ങനെ ത്രിവിധ അധികാരങ്ങൾ മിശിഹാ രാജാവിനുള്ളതായി പറയാം.

ലൗകികവും, ഭൗതികവുമായ അധികാരവും മിശിഹായിക്കുണ്ട്. എന്നാൽ അതു് മിശിഹാ പ്രയോഗിക്കുകയൊ പ്രയോഗിക്കുവാൻ ആഗ്രഹിക്കുകയൊ ചെയ്തിട്ടില്ല. ഭൗതികരാജാക്കന്മാക്കു താൻ അതു നൽകിയിരിക്കുകയാണ്. അതുകൊണ്ടുതന്നെയാണ് "കേസറിൻെറതു് കേസറിനും ദൈവത്തിൻെറതു് ദൈവത്തിനും കൊടുക്കുക". (മത്തായി XXII, 21) എന്നു മിശിഹാ അരുളിച്ചെയ്തിരിക്കുന്നതു്.

## 7 മിശിഹായുടെ പിൻഗാമികൾ

മിശിഹാ ഈ ലോകത്തിൽ ആയിരുന്നിടത്തോളംകാലം ദൃശ്യമായും നേരിട്ടും സഭയെ ഭരിച്ചു.

ഏതാണ്ട് മുപ്പത്തിമൂന്നു കൊല്ലം മിശിഹാ ലോകത്തിൽ ജീവിച്ചു എങ്കിലും ഏകദേശം മൂന്നുവർഷം മാത്രമേ താൻ പരസ്യജീവിതത്തിനായി വിനിയോഗിച്ചുള്ളു. തന്റെ പീഡാനുഭവത്തിനും, കുരിശുമരണത്തിനും, ഉയിർപ്പിനും ശേഷം, നാല്പതുദിവസം കഴിഞ്ഞ് സ്വർഗ്ഗത്തിൽ തന്റെ പിതാവിന്റെ പക്കലേയ്ക്കു കരേറി. അവിടെ പിതാവിന്റെ വലത്തുഭാഗത്തു ഇരുന്നുകൊണ്ട് ഇപ്പോഴും അദൃശ്യമായി സഭയെ ഭരിക്കുന്നു. ഇതിൽനിന്ന് മിശിഹായുടെ സ്വർഗ്ഗാരോഹണത്തിനു ശേഷം ലോകാവസാനംവരെ തന്റെ രാജ്യത്തെ, തന്റെ സഭയെ, ഭരിക്കാൻ ആളുകൾ ഉണ്ടായിരിക്കണമെന്നു സിദ്ധിക്കുന്നു. കാരണം മിശിഹായുടെ രാജ്യത്തിന്റെ ലക്ഷ്യം, മനുഷ്യരക്ഷയും, വിശുദ്ധീകരണവും ആകയാൽ അതു ലോകാവസാനം വരെ നിലനിൽക്കേണ്ടതാണ്.

മനുഷ്യവതാരത്തിന്റെ പിൻതുടർച്ചയാണല്ലൊ സഭ. ഇവിടെ സഭയെന്നു നാം പറയുമ്പോൾ പ്രധാനമായി നാം മനസ്സിലാക്കേണ്ടതു ഭരിയ്ക്കുന്ന സഭയേയാണ്. "എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ആകയാൽ നിങ്ങൾ പോയി സകല ജാതികളെയും ശിഷ്യപ്പെടുത്തി, പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമ്മോദീസാ നൽകി, ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം കാക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഞാനോ ഇതാ, ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെയുണ്ട്." (മത്തായി XXVIII 18-20). ഇതിൽനിന്ന് മിശിഹാ തന്റെ പിൻഗാമികളായി ശ്ലീഹന്മാരെയും അവരുടെ അനന്തിരവരായി റോമ്മാ മാർപ്പാപ്പാമാരെയും, മെത്രാന്മാരെയും മററ് വൈദികാധികാരികളെയും നിശ്ചയിച്ചേപ്പെടുത്തിയെന്നും, തനിക്കുണ്ടായിരുന്ന ഭരണാധികാരം, അധ്യാപനാധികാരം, വിശുദ്ധീകരണാധികാരം എന്നീ ത്രിവിധ അധികാരങ്ങൾ ഇവർക്കു നൽകിയെന്നും സിദ്ധിക്കുന്നു.

## 8 മിശിഹായുടെ ഭരണലക്ഷ്യം

ഭൗതികരാജാക്കന്മാരുടെ ഭരണലക്ഷ്യം അവരുടെ ഭരണീയരുടെ ഭൗതികശ്രേയസ്സാണല്ലൊ. എന്നാൽ മിശിഹാരാജാവിന്റെ ഭരണലക്ഷ്യം അതിലും ഉപരി വിശിഷ്ടമാണ്. എല്ലാ മനുഷ്യരെയും അവരുടെ ജീവിതത്തിന്റെയും, ആസ്തിക്യത്തിന്റെയും പരമാന്ത്യമായ സ്വർഗ്ഗത്തിലേയ്ക്കു, നിത്യസൗഭാഗ്യത്തിലേയ്ക്കു നയിക്കുക എന്നുള്ളതാണ് മിശിഹായുടെ ഭരണലക്ഷ്യം.

## 9. മിശിഹായുടെ ഭരണരീതി

മനുഷ്യരക്ഷ, വിശുദ്ധീകരണം ഇവ സാധിക്കുന്നതിന് പര്യാപ്തമായ ബാഹ്യ അച്ചടക്കം, ക്രമം, സമാധാനം, കാര്യക്ഷമത ഇവ സഭയിൽ എപ്പോഴും പരിപാലിക്കുക, മനുഷ്യരെ പാപത്തിൽനിന്നും പാപഹേതുക്കളിൽനിന്നും, പാപഫലങ്ങളിൽനിന്നുമെല്ലാം ശുദ്ധീകരിച്ച്, വരപ്രസാദത്താലും, സുകൃതങ്ങളാലും സൽപ്രവൃത്തികളാലും അലങ്കരിച്ച്, സ്വർഗ്ഗരാജ്യത്തിന് അർഹരും അവകാശികളുമാക്കിത്തീർക്കുക എന്നിപ്രകാരമുള്ള ജോലിയാണ് മിശിഹായും തന്റെ പിൻഗാമികളും ലോകത്തിൽ ചെയ്യുന്നതു്.

മിശിഹായുടെ തത്വങ്ങളും നിയമങ്ങളും മനുഷ്യരെ പഠിപ്പിച്ചുകൊണ്ടും അതിനനുസരണം ജീവിക്കുന്നതിന് അവരെ പ്രേരിപ്പിച്ചുകൊണ്ടും, ബലി, കൂദാശകൾ മുതലായവ പരികർമ്മം ചെയ്തുകൊണ്ടുമാണ് മനുഷ്യരക്ഷയും വിശുദ്ധീകരണവും തിരുസഭ സാധിക്കുന്നതു്. ഇങ്ങനെയാണ് മിശിഹായുടെ ഭരണചക്രം പ്രവർത്തിക്കുന്നതു്.

## 10. മിശിഹാരാജാവിന്റെ പ്രജകളായ നമ്മുടെ കടമ

മിശിഹാരാജാവിനെ അറിയുകയും അംഗീകരിക്കുകയും ചെയ്യുന്ന പ്രജകൾക്കു മിശിഹാരാജാവിനോട് ചില കടമകൾ ഉണ്ട്.

ഒന്നാമതായി തങ്ങൾതന്നെ മിശിഹായുടെ ആദർശങ്ങൾക്കും, തത്വങ്ങൾക്കും, നിയമങ്ങൾക്കും അനുസരണമായി തീക്ഷ്ണതയോടും വിശ്വസ്തതയോടുംകൂടെ ജീവിച്ച് മിശിഹായോട് കൂടുതൽ കൂടുതൽ ഐക്യപ്പെടുകയും സാധർമ്മ്യപ്പെടുകയും ചെയ്യുക. മററു വാക്കുകളിൽ പറഞ്ഞാൽ സ്വന്തരക്ഷയ്ക്കും സ്വന്തം വിശുദ്ധീകരണത്തിനും വേണ്ടി നിരന്തരം തീക്ഷ്ണതാപൂർവം പരിശ്രമിക്കുക.

രണ്ടാമതായി മിശിഹാരാജാവിനെ അറിയുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അതിനനുസരണം ജീവിക്കാത്തവരെ മിശിഹാരാജാവിന്റെ ഉത്തമപ്രജകളാക്കിത്തീർക്കാൻ പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുക.

# വി. യോഹന്നാൻക്രൂസ്സിൻെറ ആദ്ധ്യാത്മിക പ്രബോധനങ്ങൾ

(ക. നി. മൂ. സ. തെയദോറച്ചൻ)

ഓരോ ആത്മാവിൻെറയും പുണ്യവും, പുണ്യാഭിവൃദ്ധിയും വ്യത്യാസപ്പെട്ടിരിക്കും. പുണ്യയോഗ്യതയുടെ അളവിലും, പുണ്യതീക്ഷ്ണതയിലും, പുണ്യാഭിവൃദ്ധിക്കായി ചെയ്യേണ്ട ആദ്ധ്യാത്മികസമരവീര്യത്തിലും, ഒരുവൻ ഇതരനിൽ നിന്ന് വ്യത്യസ്തനാണ്. എല്ലാവരും വിശ്വാസത്തിൻെറയും ഉപവിയുടെയും പൂർണ്ണതയ്ക്കായി അദ്ധ്വാനിക്കുന്നു എന്നതിൽ മാത്രമാണ് ഐകരൂപ്യമുള്ളത്. പ്രസ്തുത വ്യത്യാസം ദൈവ പരിപാലനപ്രകാരം ഉണ്ടായിട്ടുള്ളതുതന്നെയാകുന്നു. അളവററ പൂർണ്ണനായ ദൈവം അളവിൻ പ്രകാരം നന്മകൾ ദാനം ചെയ്യുന്നു. ഇതുമൂലം പുണ്യാത്മാക്കളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പരസ്പര വ്യത്യാസം അവക്കു തന്നെയും രക്ഷാകരമാണ്. എന്തെന്നാൽ അവക്ക് തന്നിമിത്തം അന്യോന്യം പുണ്യപ്രചോദനങ്ങളും, ദൃഷ്ടാന്തങ്ങളും ലഭിക്കുവാൻ ഇടയാകുന്നു. ഇതിനാലാകുന്നു പരിശുദ്ധാത്രപി വേദപുസ്തകത്തിൽ പുണ്യാത്മാക്കളുടെ ചരിത്രങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതും, തിരുസ്സഭ അവസരോചിതമായി പുണ്യാത്മാക്കളെ ആഘോഷമായി നാമകരണംചെയ്തു ബഹുമാനിക്കുന്നതും, മനുഷ്യരുടെ പഠനത്തിനും ദൃഷ്ടാന്തത്തിന്നുമായി പ്രഖ്യാപിക്കുന്നതും.

---

മിശിഹാരാജാവിനെ അറിയാത്തവരായി ലോകത്തിൽ അനേകം പേരുണ്ട്. അവക്കു മിശിഹാരാജാവിനെ അറിയിച്ച് എല്ലാ മനുഷ്യരേയും മിശിഹാരാജാവിൻെറ ഉത്തമ പ്രജകളാക്കിത്തീക്കുകയും അവിടുത്തെ രാജ്യം വിസ്തൃമാക്കുന്നതിന് പ്രാത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുക മുതലായതാണ് മിശിഹാരാജാവിനോടുള്ള നമ്മുടെ മൂന്നാമത്തെ കടമ.

മിശിഹാരാജാവിനോടുള്ള ഈ കടമകൾ നാം എങ്ങനെ നിവ്ഹിക്കണമെന്ന് എല്ലാ ദിവസവും സ്വയം പരിശോധനചെയ്യുന്നതു് വളരെ നല്ലതാണ് പ്രത്യേകിച്ച് മിശിഹായുടെ രാജത്വതിരുനാൾ ദിവസം.

---

വി. യോഹന്നാൻ ക്രൂസ് ഇപ്രകാരം തിരുസ്സഭയാൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഒരു മഹാ വിശുദ്ധനാണ്. അതിനാൽ നമുക്ക് അദ്ദേഹത്തിൽനിന്നു രക്ഷാകരമായ ദൃഷ്ടാന്തങ്ങളും പ്രചോദനങ്ങളും ലഭിക്കുമെന്നുള്ളതു നിർവ്വിവാദമാകുന്നു. അദ്ദേഹത്തെ തിരുസ്സഭ ഒരു മഹാ വിശുദ്ധനായിട്ടുമാത്രമല്ല, ഒരാദ്ധ്യാത്മിക ഗുരുനാഥനായിട്ടുകൂടെയും നാമകരണം ചെയ്തിട്ടുണ്ട്. അതിനാൽ അദ്ദേഹത്തിൻെറ വിശുദ്ധ പ്രബോധനങ്ങളും നമുക്ക് നിർഭയം സ്വീകരിക്കാവുന്നതാണ്.

എന്നാൽ അദ്ദേഹത്തിൻെറ കഠിനമായ തപശ്ചര്യകളും, "അങ്ങേപ്രതി സഹിക്കുവാനും അവഗണിക്കപ്പെടുവാനും" എന്നുള്ള അദ്ദേഹത്തിൻെറ മുദ്രാവാക്യവും നാം ഭയപ്പെടണമോ? അവയെ ഭയപ്പെടേണ്ട ആവശ്യമില്ല. ഏതൊരു വിശുദ്ധനിൽനിന്നും എന്നപോലെ ഈ വിശുദ്ധനിൽനിന്നും നമുക്കു ലഭിക്കുന്നതു പുണ്യനിദർശനങ്ങൾ മാത്രമാണ്. വിശ്വാസം, ഉപവി, ക്ഷമ ആദിയായ ക്രിസ്തീയപുണ്യങ്ങളുടെ ദൃഷ്ടാന്തങ്ങളും ഉപദേശങ്ങളും മാത്രമേ അവരിൽനിന്നു സ്വീകരിക്കേണ്ടതായിട്ടുള്ളു. അവരുടെ വ്യക്തിത്വം അവക്ക് സ്വന്തമാണ്. അതു് അനുകരണയോഗ്യമല്ല. അതിനാൽ വി. യോഹന്നാൻെറ തപശ്ചര്യകളും മുദ്രാവാക്യവും നാം ഭയപ്പെടേണ്ട ആവശ്യമില്ല.

നമുക്കു ചുററുമുള്ള എണ്ണമില്ലാത്ത സൃഷ്ടിജാലങ്ങളിൽ ഒന്ന് മറെറാന്നിനു സമമായിരിക്കുന്നില്ല. മനുഷ്യസൃഷ്ടിയിലും ഈ പ്രകൃതി നിയമം പാലിക്കപ്പെടുന്നു. ഒരു മനുഷ്യൻ മറെറാരുവനു സമനല്ല. ഈ ഉപാധിവഴിയായി ബുദ്ധിജീവികൾ ദൈവത്തിൻെറ അനന്തബോധജ്ഞാനവും ശക്തിയും സൃഷ്ടങ്ങളിൽ ദർശിച്ച് ദൈവത്തെ മഹത്വപ്പെടുത്തണമെന്നാണ് പരാപരൻെറ ഉദ്ദേശ്യം.

അതിനാൽ നമുക്ക് ഒന്നാമതായി വി. യോഹന്നാൻ ക്രൂസ്സിൽ ദൈവത്തിൻെറ പരിപൂണ്ണതകളെ ദർശിച്ച് ദൈവത്തെ സ്തുതിക്കയും, രണ്ടാമതായി വിശ്വാസം, ഉപവി ആദിയായ പുണ്യങ്ങൾ അദ്ദേഹത്തിൽ നിന്ന് പഠിക്കയുംചെയ്യാം.

ക്രിസ്തീയപുണ്യങ്ങളുടെ ദൃഷ്ടാന്തങ്ങളും പ്രബോധനങ്ങളും നാം ധാരാളമായി തേടേണ്ടതാണെന്നു കാണാൻ പ്രയാസമില്ല. നമ്മുടെ ദിവ്യരക്ഷകൻ തൻെറ പിതാവിനെപ്പോലെ പരിപൂർണ്ണരാകുവാൻ നമ്മെ പഠിപ്പിച്ചില്ലയോ? എന്നാൽ അദൃശ്യനായ പിതാവിനെ ഒരുവിധത്തിൽ നമ്മുടെ കണ്ണുകൾക്കു വിഷയീഭവിപ്പിക്കുവാനായി ദൈവസുതൻ നമ്മെപ്രതി മാംസം ധരിച്ചു. മാത്രമല്ല, "എന്നെക്കാണുന്നവൻ പിതാവിനെയും കാണുന്നു" എന്നരുളിച്ചെയ്യുകയും ചെയ്തു. നമ്മുടെ ദിവ്യരക്ഷകൻ തന്നെ നമുക്കു ദൃഷ്ടാന്തമാക്കി അരുളിച്ചെയ്ത ഒരു പ്രസിദ്ധ വാക്യം വായിക്കുക: "ഹൃദയഎളിമയും ശാന്തഗുണവുമുള്ള എന്നിൽ നിന്നു് നിങ്ങൾ പഠിക്കുവിൻ."

ക്രിസ്തീയപുണ്യങ്ങളുടെ ദൃഷ്ടാന്തം നമുക്ക് ദുഷ്ടന്മാരിൽനിന്നുകൂടെയും സ്വീകരിക്കാവുന്നതാണെന്നു് ദിവ്യഗുരു തന്നെ പഠിപ്പിച്ചിട്ടുണ്ടു്. അനീതിമാനായ ആ കാര്യസ്ഥൻെറ ഉപമ ഓക്കുക. അയാൾ വഞ്ചനയുപയോഗിച്ചു് യജമാനൻെറ മുതൽ അപഹരിച്ചു് ഭാവിയെ ശരിപ്പെടുത്തിയതിനെ പരാമർശിച്ചു് ദിവ്യഗുരു പറയുകയാണു്, ലോകത്തിൻെറ മക്കൾ ദൈവത്തിൻെറ മക്കളേക്കാൾ വിവേകപൂർവ്വം പ്രവത്തിക്കുന്നതു കണ്ടു്, നിങ്ങൾ ദൈവമക്കൾക്കുറ്റത്ത വിവേകം ഉപയോഗിച്ചു് സ്വർഗ്ഗമഹിമയെ ഭദ്രമാക്കുവിൻ എന്നു്.

അനീതിമാന്മാരിൽ നിന്നും ക്രിസ്തീയപുണ്യങ്ങളുടെ ദൃഷ്ടാന്തം സ്വീകരിക്കാൻ കഴിയുമെങ്കിൽ വിശിഷ്ടങ്ങളായ സ്വാഭാവികഗുണങ്ങളാൽ പ്രശോഭിതരായ ആളുകളിൽ നിന്നും പുണ്യദൃഷ്ടാന്തങ്ങൾ ലഭിക്കാമെന്നതു് അവിതക്കിതമാണു്.

ഞാൻ വിഷയം വിട്ടു ദൂരെപ്പോയോ? എൻെറ ആശയം തെളിവാക്കുവാനാണു് ഞാൻ അപ്രകാരം ചെയ്തതു്. പ്രതിഭാനിധിയും പണ്ഡിതോത്തംസവുമായ വിശുദ്ധ യോഹന്നാനെ നമുക്കു പഠിച്ചനുകരിക്കാം. അദ്ദേഹം നമുക്കു ക്രിസ്തീയ പുണ്യങ്ങളുടെ നിദർശനവും പ്രത്യേക സ്വർഗ്ഗീയമദ്ധ്യസ്ഥനുമായിരിക്കട്ടെ!

എന്നാൽ അനുകരണത്തെ അനുകരണഭ്രമത്തിൽ നിന്നു് വേർതിരിക്കേണ്ട ആവശ്യമുണ്ടു്. അനുകരണഭ്രമത്തോടുകൂടി നാം വിശുദ്ധന്മാരുടെ ചില തപശ്ചര്യകളേയും മററും അനുവർത്തിച്ചുതുടങ്ങിയാൽ നിരാശയിൽ നിപതിക്കാനിടവരും. നാം ചെയ്യേണ്ടതു് അതല്ല. എളിമയോടുകൂടിയും ദൈവസഹായവും വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥവും സദാ യാചിച്ചുകൊണ്ടും, വിശ്വാസപഠനങ്ങളിൽ ഉത്സാഹം പ്രദർശിപ്പിച്ചുകൊണ്ടും, വി. കൃദാശകളുടെ ഫലം പ്രാപിച്ചുകൊണ്ടും, അനുതാപബോധത്തോടും, മഹാ ആഗ്രഹത്തോടുംകൂടി നാം വിശുദ്ധന്മാരെ പഠിച്ചനുകരിക്കണം.

---

## ഒരു വിശുദ്ധയുടെ അന്ത്യോപദേശം

(പരസ്നേഹസഹോദരികളുടെ സഭാസ്ഥാപകയായ
വി. വിൻസേൻസാ ജെറോസായുടെ)

"നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ. പരസ്പരം ക്ഷമിപ്പിൻ—അപ്പോൾ, ദൈവാനുഗ്രഹം നിങ്ങളിൽ വസിക്കും—പരമോന്നതമായ പരമാത്മതയോടെ സദാ വർത്തിക്കുക-ബദ്ധപ്പാടിനൊന്നും വഴിപ്പെടാതെ, ദൈവത്തെ പ്രസാദിപ്പിക്കണമെന്നുള്ള നേരായതും പരിശുദ്ധവുമായ ഉദ്ദേശ്യത്തോടെ എപ്പോഴും പ്രവത്തിക്കുക.

അതിരുകടന്ന ചിന്താകുലതകൊണ്ടുള്ള പ്രയോജനമെന്തു്? നമ്മുടെ പ്രവൃത്തികൾക്കു് അസാദ്ധ്യമായതു്, നിർവ്യാജമായ നമ്മുടെ ആഗ്രഹം പൂർത്തിയാക്കും; ഫലം നോക്കാതെ, മനഃസ്ഥിതി മാത്രം പരിഗണിക്കുന്ന ദൈവം നമുക്കു തക്ക പ്രതിസമ്മാനം നൽകയും ചെയ്യും.

പരിപൂർണ്ണമായ സമർപ്പണാരൂപിയോടും സ്ഥിരതയോടും കൂടി, ദൈവസ്നേഹത്തെ പ്രതി സകലതും സഹിക്കുക. അന്ത്യമാണു് ഒരു ജോലിയെ വിജയമകുടമണിയിക്കുന്നതെന്നും, ദൈവത്തെപ്രതി സഹിക്കുകയും പ്രയത്നിക്കുകയും ചെയ്തു എന്നുള്ള ചിന്ത മരണസമയത്തു അത്യന്തം ആനന്ദപ്രദമായ ഒന്നായിരിക്കുമെന്നും സ്മരിക്കുക.

പാവനമായ സഭാനിയമങ്ങൾ അക്ഷരശഃ അനുവർത്തിക്കുക. പരത്തിൽ തക്കകാലത്തു ദൈവത്തെ വാഴ്ത്തിസ്തുതിക്കത്തക്കവണ്ണം ജീവിതകാലത്തു സമയം നന്നായി വിനിയോഗിക്കുക. അതിനുവേണ്ട കൃപാവരം കർത്താവു നിങ്ങൾക്കു് പ്രദാനംചെയ്യട്ടെ."

ഫാ. ഗ്രിഗരി, ററി. ഒ. സി. ഡി.

ഗദ്യകവിത

# കൊച്ചുറാണീ വരൂ

(പി. എക്സ്. പുല്ലുവിള)

കർമെല മലർവാടിയിലെ ചേതോഹരമായ ഉപവനത്തിൽനിന്നു പൈങ്കിളീ, നീ ഒന്നു താഴ്ന്നുവരുമോ? ഈ ആർഷാശ്രമവാടിയിലെ പർണ്ണശാലയോളം?

ഞങ്ങളുടെ കാതുകൾ കൊതികൊള്ളുകയാണു കരൾപിളന്നൊഴുകുന്ന നിന്റെ ആ പ്രേമഗാനം ഒന്നുൾക്കൊള്ളുവാൻ

രാക്കിളി, നീ പാടൂ. തമസ്സുറഞ്ഞ ഞങ്ങളുടെ ഹൃദയത്തിന്റെ യാമിനികളിലൂടെ പാടൂ. അന്ധത വട്ടക്കെട്ടിയ ഞങ്ങളുടെ ജീവിതവ്രണങ്ങൾ വരളട്ടെ. ഭീകരസ്വപ്നങ്ങൾ മായട്ടെ.

ഗായികേ, വരൂ. പ്രേമതുന്ദിലമായ നിന്റെ ഹൃദയവീണ പൊട്ടിത്തകരുവോളം നീ പാടൂ. നിന്റെ പാട്ടിന്റെ നാദഗാംഭീര്യം മോഹമൂകമായ ഹൃദയഭിത്തികളുടെ കടുത്ത കരൾത്തട്ടുകളെ പിളർക്കട്ടെ.

പൊന്നഴകേ, വരൂ. ഞങ്ങളുടെ ശുഭപ്രതീക്ഷകളുടെ പൊൽക്കിനാവുകൾകൊണ്ടൊരു പൂവാട നെയ്യുവാൻ വരൂ.

കല്യാണനൃത്തമേ, വരൂ. കന്യാസ്നേഹംകൊണ്ടൊരു കല്യാണമണ്ഡപം പടുക്കുവാൻ വരൂ.

പെണ്മണീ, അഴകുവിരിയുന്ന ദൃശ്യപ്രപഞ്ചത്തിന്റെ മായമൂടിയ പ്രലോഭനങ്ങളെ പിന്നിട്ടു, മേഘമൊഴുകുന്ന വിണ്ണിന്റെ പൊൻവയലിൽ കലേശപ്പൊളിയാം പൂച്ചട്ടിയിൽ ആശകളുടെ തുളസീബീജങ്ങൾവിതച്ചു അതിനെ കണ്ണുനീരും ഹൃദയയാതനയും കൊണ്ടു നനച്ചുവളർത്തിയ സ്വർഗ്ഗീയ കർഷകകുമാരീ, ജഡമോഹത്തിന്റെ പൊടിമണ്ണിനോടുഴുതിളക്കിയിരിക്കുന്ന ഞങ്ങളുടെ ചേതനകളുടെ വളക്കൂട്ടുകളെ നീ ഒന്നു കടാക്ഷിക്കുമോ? താരകങ്ങളുടെ വരിനെല്ലുവിളയുന്ന നീയിരിക്കുന്ന നാട്ടിലേക്കു വിശുദ്ധിയുടെ കൊയ്ത്തരിവാളുമായി ഞങ്ങളെ നീ ഒന്നു വിളിക്കുമോ?

ഹൃദയറാണീ, നീ വരുന്നതു ഞങ്ങൾ കാണുന്നു. സമയത്തിന്റെ സൂയസ്സിലൂടെ, നിത്യതയുടെ തുറമുഖത്തേക്കു ഞങ്ങളുടെ ജീവിതപ്പടവുകളെ കടത്തുവാൻ, അങ്ങകലെ ചകചകാചൊരിഞ്ഞുവീഴുന്ന ചന്ദ്രികയിൽ തെളുതെളെ ഇളകിമറിയുന്ന പ്രേമത്തിന്റെ മാംസളമായ അലയണികളെ കീറിമുറിച്ചുകൊണ്ടു നിന്റെ ജീവൽനൗക പാഞ്ഞുവരുന്നതു ഞങ്ങൾ കാണുന്നു.

റാണീ, ജീവിതത്തിന്റെ കടുത്ത യാഥാർത്ഥ്യങ്ങൾപോലും നീ വരുന്ന അനശ്വരതയുടെ കടലോരത്തു സ്വപ്നശതങ്ങളാകുന്ന കളിമീനങ്ങളുടെ ചിന്നിക്കിടക്കുന്ന വെറും ചെതുമ്പലുകളല്ലേ?

ഭൂമിയിലെ മാദകമായ സുഖാസ്വാദനങ്ങൾപോലും അവിടുത്തെ വാടിത്തളർന്ന ചെന്തളിർ കൂമ്പുകളല്ലേ? തലമുറകൾ പൂക്കൾപോലെ കൊഴിയുന്നതും സാമ്രാജ്യങ്ങൾ മൺചട്ടിപോലെ തകരുന്നതും സംസ്കാരങ്ങൾ പൂത്തിരിപോലെ പൊലിയുന്നതും നീ കാണുന്നില്ലേ?

അവിടെ നീ വാഴും വസതിയിൽ വിജനതയിൽ ഏകാന്തത്തിൽ തനിയേ നിന്റെ പ്രിയനെപ്പുണരുക നിനക്കെത്ര പുളകപ്രദമല്ല! വർണ്ണവും നാദവും സ്പർശവും ദൃശ്യവും രസവും ഗന്ധവും ഇടതൂർന്ന ഈ ബാഹ്യപ്രപഞ്ചം വെറുമൊരു കളിവീടായിട്ടല്ലേ നിനക്കു തോന്നുക.

കൊച്ചുറാണീ, നീ തകർത്തല്ലോ നീയാകുന്ന പരിമളതൈലത്തിന്റെ വെൽകൽഭരണി നിന്റെ പ്രിയന്റെ പ്രേമപാദങ്ങളിൽ.

കൊച്ചുപൂവേ, നീ വിതറിയല്ലോ നീയാകുന്ന പൂവിന്റെ പൊന്നിതളുകൾ നിന്റെ പ്രിയന്റെ പൂംപാതകളിൽ. പൊന്നേ, ലിസ്യൂവിലെ കാർമെൽ ശ്മശാനത്തിൽ ഭൂദാനം ചെയ്യപ്പെട്ട നീയാകുന്ന കന്യാബീജം ഇന്നിതാ സ്വർഗ്ഗീയ പറുദീസായിൽ തളിരണിഞ്ഞു മലർചൊരിയുകയാണ്. കനകവല്ലി, നീ മിന്നിയാലും, കതിരണിഞ്ഞും മധുചൊരിഞ്ഞും നീ മിന്നിയാലും. മാദകമായ നിന്റെ സുരതസുരഭി, സ്നേഹസ്മേരം, പ്രപഞ്ചതടങ്ങളെ കോൾമയിർകൊള്ളിക്കട്ടെ.

പ്രിയേ, പ്രാണന്റെ പുല്ലാങ്കുഴലിലൂടെ നീ ഊതുക. നിന്റെ വേണുഗാനം—അതേററവ വേണം, യാതനകളുടെ തീവെയിൽ വിശ്രാന്തിയുടെ പൂനിലാവായിപ്പകരുവാൻ-നിരാശയുടെ മരുപ്പറമ്പ് സദാശയുടെ മലർവാടിയായി മാറുവാൻ.

റാണീ, വരൂ. അകളങ്കിതമായ പ്രേമത്തിന്റെ പെട്ടിപ്പാട്ടുമായി വരൂ. ഹൃദയങ്ങളുടെ മണിയറ തോറും വരൂ. വന്ന്, ജടിലപ്രവണതകളുടെ, അനത്ഥബന്ധങ്ങളുടെ, അശുദ്ധ സ്നേഹങ്ങളുടെ അപശ്രുതികളെ തിരുത്തൂ.

ഞങ്ങളുടെ ജന്മനാടായ ഭാരതവാടിയിലേക്കു കടക്കൂ. ഇവിടെ ജീവൻ തടയപ്പെട്ടിരിക്കുന്നു, വീർപ്പുമുട്ടുകയാണു ആയിരങ്ങൾ; അസ്തിത്വത്തിന്റെ ആനന്ദംകൂടി ആ ചോരക്കുടങ്ങൾക്കു നകന്നുകൂടെന്നോ? ജീവന്റെ ബീജം നട്ടു നനയ്ക്കുകയും അതേസമയം പ്രേമത്തിന്റെ പൂങ്കനികളെ നിരോധിക്കുകയും ചെയ്യുക. അഹോ, ഭാരതമേ, നിന്റെ ഹൃദയകാഠിന്യം! ആർഷക്ഷോണീ, നിന്റെ ഹൃദയരാഹിത്യം!

റാണീ, നീ കാണുന്നില്ലേ, കാരുണ്യത്തിന്റെ പേരിൽ നടമാടുന്ന ഇക്കൊട്ടം കുരുതി. നീയൊന്നു കനിയൂ. നീയൊന്നു മൊഴിയൂ. നിന്റെ പ്രിയന്റെ നേക്കു ഒരു നോട്ടം മാത്രം മതിയല്ലോ നിനക്ക്.

പ്രേമപ്രേഷിതേ, നീ കാണുന്നില്ലേ, നട്ടുച്ചയായിട്ടും കട്ടിയായ കൂരിരുൾ ഞങ്ങളുടെ നദീതടങ്ങളിൽ തറഞ്ഞിരിക്കുന്നതു്, മദ്ധ്യപ്രദേശങ്ങളെ പൊതിഞ്ഞിരിക്കുന്നതു്? ഇവിടെ സത്യമില്ല; സത്യത്തിന്റെ പ്രവാചകന്മാരെ അതു സ്വീകരിക്കുന്നുമില്ല. ഇവിടെ സ്നേഹമില്ല, സ്നേഹത്തിന്റെ പ്രവാചകന്മാരെ അതു കടത്തുന്നില്ല. ഇവിടെ ജീവനില്ല, ജീവന്റെ പ്രവാചകന്മാരെ അതു ജീവിക്കാനനുവദിക്കുന്നില്ല. ഇവിടെ സമത്വമോ സ്വാതന്ത്ര്യമോ ഇല്ല. സമത്വത്തിന്റെ, സ്വാതന്ത്ര്യത്തിന്റെ പ്രവാചകന്മാരെ അതു പാർപ്പിക്കുന്നില്ല.

പ്രഭാവതീ, നീ, എത്തുക. ദിവ്യമായ പ്രേമത്തിന്റെ കതിരുകളിൽ സനാതനമായ സ്വാതന്ത്ര്യത്തിന്റെ കാഹളവുമൂതിയെത്തുക. ഇവിടെല്ലാമിരുളാണു്; ഇരുൾ, മഞ്ഞു്, ശൈത്യം, യാതന. ഇതാ ആയിരങ്ങൾ വഴിയറിയാതെ അലയുന്നു. മതിയുഴറി ദഹിക്കുന്നു. സ്നേഹംകൂടാതെ നീറുന്നു. ജീവൻ തകർന്നാടിയുന്നു. നിസ്സംഗരായ മനുഷ്യസ്നേഹികൾ, അല്ല, ദൈവദൂതന്മാർ, കാൽവരിയിലെ "മഹാസ്നേഹ"ത്തിൽനിന്നും കത്തിച്ചെടുത്ത പന്തങ്ങളുമായി ഇതാ പുറപ്പെടുന്നു. ത്യാഗരക്തമായ അവരുടെ മുരളികളിൽനിന്നും സത്യസുന്ദരമായ ഒരു ഗാനം നിർഗ്ഗളിക്കുന്നു. നിത്യനിർമ്മലമായ മുക്തിദായകമായ ഒരു ദൗത്യം അതുൾക്കൊള്ളുന്നു. അതിനു കാതടയ്ക്കുന്നു. അതിനെ അപവദിക്കുന്നു. അതിനെ ചവിട്ടി മെതിക്കുന്ന ദുശ്ശാഠ്യമേ, അഹഹാ! നിന്റെ കരൾക്കട്ടി!!

കൊടുമുടികളുടെ നാട്ടിൽനിന്നും കറുത്ത മേഘത്തിന്റെ കടുത്ത ഹൃദയങ്ങളെ തല്ലിച്ചിതറിച്ചുകൊണ്ടു ഇടിവാളേ, നീ ഒരു മിന്നൽപിണർ പായിക്കുകയില്ലേ?

സ്വർഗ്ഗീയഭിഷഗ്വരീ, വരൂ അസൂയയുടെ ഹൃദയഗർവത്തിന്റെ യാഥാസ്ഥിതികതയുടെ ഉഗ്രവിഷം തീണ്ടി ബോധമിടറിയ ചേതനകളുടെ അടുക്കലേക്കു പ്രേമംഘനമാർന്നതിന്റെ 'വിഷക്കല്ലു്'മായി വരൂ.

വിശ്വപ്രേഷിതേ, പ്രേമസമുജ്ജ്വലേ, ധീരമായ നിന്റെ നേതൃത്വത്തിൽ ഞങ്ങളൊന്നാണിനിൽക്കട്ടെ നിന്റെ സുസ്മേരത്തിന്റെ മാസ്മരശക്തി ഞങ്ങളെ ത്വരിപ്പിക്കട്ടെ.

വിശ്വവിപ്ളവകാരിയായ നിന്റെ നായകനെ ഞങ്ങളൊന്നു സ്മരിക്കട്ടെ. ഞങ്ങളൊരദ്ധ്യാത്മികവിപ്ലവം കുരുപ്പിടിപ്പിക്കട്ടെ. ഞങ്ങൾ ഞങ്ങളുടെ അസ്തിത്വത്തിന്റെ ചന്ദനമരങ്ങൾകൊണ്ടു ഒരു പട്ടടക്കൂട്ടം. ദിവ്യസ്നേഹത്തിന്റെ പന്തങ്ങൾകൊണ്ടു അതിനു തീ കൊളുത്തും. ആ തീയുടെ നീറുന്ന ജഠരത്തിൽ ഞങ്ങൾ ഞങ്ങളുടെ വിശ്വാസത്തിന്റെ അസ്ഥികൾ ഒടിച്ചൊടിച്ചെറിയും. ഹൃദയരുധിരം തൈലം പോലെ പകരും. പ്രാണമരുത്തു നിശ്വസിക്കും.

അങ്ങനെ ഒരു കാൽവരികൂടി കാണാറാകും. ഒരു കുരിശുകൂടെ ഉയരും. ഒരു ദുഃഖവെള്ളികൂടി വിരിയും. സൂര്യനിരുളും. ഭൂമി വിറയ്ക്കും. പാറകൾ പൊട്ടും. ശവയറകൾ ഞെട്ടുകയും ചെയ്യും. ഭാരതക്ഷേത്രത്തെ അടിമുതൽ മുകൾവരെ മൂടുന്ന മായയുടെ, അവിദ്യയുടെ, അജ്ഞതയുടെ മൂടുപടം ഉടനീളം പിളരും. "പ്രകാശം" ഭൂഗർഭത്തിലൊളിയും. വീണ്ടും നവയുഗത്തിന്റെ പുതുവസന്തം പിറക്കും. ആ പൊൽപുലരിയിൽ ഗംഗയുടെ പവിത്രതീർത്ഥം, ക്രിസ്തുവിന്റെ പ്രസാദവരധാരയിൻ, പാപപ്രക്ഷാളനശക്തിയേലുന്ന നവീന യോർദാനായി മാറും. ഭാരതത്തിന്റെ പൂണുനൂലു്

# "ഒരു അണുബോംബു്"

(ജെ. മൂലേക്കുടി, വാഴക്കുളം)

ലോകത്തിന്റെ ആരംഭംമുതൽ, ഇന്നേവരെ, ചരിത്രം ചികഞ്ഞുനോക്കിയാൽ കാണാം, ഓരോ കാലങ്ങളിൽ പുതിയ പുതിയ പിളർപ്പുകളും, പ്രസ്ഥാനങ്ങളും. തള്ളേണ്ടതോ, കൊള്ളേണ്ടതോ, എന്നു് ചിന്തിച്ചു പരിഹാരം കണ്ടുപിടിക്കുക സാധാരണ ജനങ്ങൾക്കു എളുപ്പമല്ല പലപ്പോഴും. ലോകശരീരഘടകങ്ങളിലും, ആദ്ധ്യാത്മിക അവസ്ഥാവിശേഷങ്ങളിലും പ്രത്യക്ഷപ്പെടുന്ന ഈ നൂതനാശയം. ദൈവപരിപാലനയുടെ ഊഹാതീതമായ പ്രവൎത്തനങ്ങൾ തടയിട്ടു പോകുന്നുണ്ടു്, ഈ വിനകൾക്കു്.

13-ാംനൂററാണ്ടിൽ യൂറോപ്പിൽ, അൽബജീനിയൻ എന്നൊരു ശീശ്മ പൊട്ടിപ്പുറപ്പെട്ടു. അതിന്റെ വാസന, വാസനിച്ചറിഞ്ഞവർ വിചാരിച്ചു, അതൊരു ആശ്ലേഷിക്കപ്പെടേണ്ട പ്രസ്ഥാനമാണെന്നു്. മതത്തെയും, ദൈവവിശ്വാസത്തെയും കെടുത്തിക്കളയുന്ന കൈപ്പുള്ള ഒരു കഷായമായിരുന്നു അതു്. കുടിച്ചവരും, രുചിനോക്കിയവരും പലരാണു്, അന്നു്. നവീനാശയങ്ങളോടു് ഒരു മമത സാധാരണമാണല്ലൊ. അക്കൂട്ടത്തിൽ ഈ ശീശ്മയും.

കാട്ടുതീപോലെ വളർന്നു് പരന്നുവന്ന ഈ മതശീശ്മയെ തല്ലിക്കെടുത്തുന്നതിനു്, ബുദ്ധിശാലയിൽ അഭയംതേടി, വിദഗ്ദ്ധശിരോമണികൾ. ഈ തട തരമല്ലെന്നു തെളിഞ്ഞപ്പോൾ, ഡോമിനിക്കൻ സഭാസ്ഥാപകനായ, വിശുദ്ധ ഡോമിനിക്കു് ഒരു വഴി കണ്ടുപിടിച്ചു. അതു പ്രാൎത്ഥനയും തപസ്സുമായിരുന്നു. അങ്ങനെ ഒരു ആദ്ധ്യാത്മിക ഉണർവ്വിനായി ജനസമൂഹത്തെ അദ്ദേഹം മാടിവിളിച്ചു. പരിശുദ്ധ കന്യകാമറിയത്തോടുള്ള തീവ്രമായ ആദരവും അൎത്ഥനയും.

പരിശുദ്ധകന്യക, വിശുദ്ധനായ ഡോമിനിക്കിനു് പ്രത്യക്ഷയായി അറിയിച്ചു: "കൊന്ത നമസ്കാരം, അഥവാ ജപമാല സ്ഥാപിക്കുക, അതാണു എന്റെ പ്രിയപുത്രനും എനിക്കും ഏററം പ്രിയംകരമായ പ്രാൎത്ഥന." അണുബോംബായിരുന്നു ജപമാല. ആ പ്രാൎത്ഥനവിളംബരം ചെയ്യപ്പെട്ടു. പല പ്രസംഗമണ്ഡപങ്ങളിലും ജപമാലയുടെ വസ്തുത വിളിച്ചുകൂവിപ്പറഞ്ഞു, ഭക്തനായ ഡോമിനിക്കും മററും.

ഏതിനേയും നശിപ്പിക്കത്തക്ക ശക്തിയാണല്ലോ, അണുബോംബിനുള്ളതു്. "ഹിരോഷിമാ"യുടെ നാശം നാം വിറയലോടെ മാത്രമേ വായിക്കുകയുള്ളു. പുകയും പൊടിയുമായി ആ സ്ഥലവിഭാഗം അന്നു്. ധൂളിയും ധൂമവുമാക്കുന്ന അണുബോംബു്, ശത്രുക്കൾക്കു് ഭയമാണു്. അൽബജീനിയൻ ശീശ്മ, നാമാവശേഷമായിയെന്നു പറയാം, ജപമാലയുടെ കൂട്ടിന്റെ ശക്തികൊണ്ടു്. സാക്ഷാൽ ഒരു അണുബോംബുതന്നെയാണു്, ജപമാല ശീശ്മകളെ തച്ചുടയ്ക്കുന്നതിനു്.

ജപമാല ഭക്തിക്കായി പ്രത്യേകം നിശ്ചയിച്ചിരിക്കുന്നു, ഒക്ടോബർ മാസം. ജപമാല എന്താണെന്നും അതിനുള്ള സവിശേഷത എത്രമാത്രമെന്നും നാം ഗ്രഹിച്ചിരിക്കേണ്ടതാണു്, ഭക്തിയോടെ ജപിക്കുന്നതിനു്. ക്രിസ്തുവിന്റെ ജനനവും, ജീവിതവും, മരണവും, ഉയിർപ്പും അതിന്റെ കണ്ണികളാണു്. കൂടാതെ, ക്രിസ്തുവിന്റെ ജീവിതത്തിലുണ്ടായ അനുഭവങ്ങളേക്കൂടെ അതിൽ പ്രകീൎത്തിക്കുന്നു. തന്മൂലമത്രേ അതിനു മേന്മയുണ്ടായതു്. നമ്മുടെ വിശ്വാസത്തിന്റെ അകവും പുറവും ഈ ജപമാലയിൽ തെളിവായിക്കാണാം. സത്യൈകദൈവത്തിലും, അവിടുത്തെ ത്രിത്വത്തിലും ജപം തുടങ്ങുന്നു. മനുഷ്യാവതാരം, പീഡനം, മരണം, ഉയിർപ്പു് എന്നിങ്ങനെ ക്രിസ്തുവിന്റെ — ദൈവപുത്രന്റെ — പരിത്രാണനകൎമ്മത്തിന്റെ പടികൾ ഓരോന്നായി കോൎത്തിണക്കിയിരിക്കുന്നു, ഈ മാല.

---

ശുചീകരചിതാവഹ്നിയിൽനിന്നു,ദ്വിജന്മമല്ല, നിത്യജന്മമരുളുന്ന മോക്ഷാശ്രമത്തിലേക്കു നയിക്കുന്ന പവിത്രോത്തരീയമായി മാറും. മുനിഭൂമിയുടെ രുദ്രാക്ഷമണികൾ മനമനോജ്ഞമായ ജപമാലമണികളാവും.

കൊച്ചുറാണീ, വരു. നിന്റെ ഊക്കേറുന്ന പ്രേമത്തിന്റെ ചക്രായുധം ചുഴററി വീറുവന്ന പ്രേഷിതവീര്യത്തിന്റെ ശംഖൊലിയും മുഴക്കി ഇത്താമരകളുടെ നാട്ടിലേക്കു വരു. നമോ.

# ആദരപാത്രം

(വിൽഫ്രഡ് തോമസ്; വഴതയ്യക്കാട്ട്)

സംശുദ്ധരായിങ്ങു നിസ്തുല്യസേവന-
സംപൂർണ്ണരാകുവിൻ നിങ്ങൾ!
ദുർമ്മദം കൈവിട്ടു മന്നിലെളിമതൻ
ദിവ്യതയെപ്പുൽകിൻ നിങ്ങൾ!!
താരങ്ങൾ പോലുമഹന്തതൻ നീട്ടററ
നീരദപാളിയാൽ മായും.
മാനവൻ മാനവനായിത്തീർന്നീടുകിൽ
മാധുരിയെങ്ങുമെ പായും!
അ'കൊച്ചുത്രേസ്യ'യെ, പുണ്യത്തിടമ്പിനെ,
അക്കൊച്ചുപൂവിനെ നോക്കിൽ
ത്യാഗത്തിനമ്മതിൽക്കെട്ടുകൾക്കുള്ളിലെ
ദീപത്തെത്തെല്ലൊന്നു നോക്കിൻ

എന്തൊരു കാന്തിഹാ! എന്തൊരു ശാന്തിഹാ!
എന്തൊരു ചൈതന്യപൂരം!
എന്തൊക്കെച്ചെയ്തതീകൾക്കായതേജസ്വി;
എന്തൊരു സേവനസാരം!!
അക്കല്യസേവനം കണ്ടതും കേട്ടതു-
മമ്മതിൽക്കെട്ടുകൾ മാത്രം.
പാപികൾ, പാവങ്ങൾക്കായ് സദാവേദനാ-
പൂരിതമായോമൽ ഗാത്രം.
കാരുണ്യദാഹികളാനന്ദമേലുന്ന
കാഴ്ചയാൽ കൂമ്പിയനേത്രം.
ആരാനു രക്ഷയും മോക്ഷവും നൽകുകി-
ലാരാരുമാദരപാത്രം.

---

ജപമാല അന്നുതൊട്ടു്, പ്രചരിച്ചു വരികയാണു് ദിനേദിനേ. കത്തോലിക്കാസഭാ, ഏതാവശ്യങ്ങളിലും, ഏതു വിപത്തിലും, ഈ ജപമാലയെ അഭയം പ്രാപിക്കയാണു് പതിവു്. "തപസ്സും പ്രാർത്ഥനയും" എന്നു് പരിശുദ്ധ ജനനി ഫാത്തിമായിൽ വെളിപ്പെടുത്തി. ആ പ്രാർത്ഥനയുടെ ഒരു പ്രത്യേകതയുണ്ടു്, ഈ ജപമാലയിൽ.

ഒന്നാംലോകമഹായുദ്ധത്തിൽ, ബിട്ടനും ഫ്രാൻസും അമ്പരന്നു, ജർമ്മനിയുടെ തള്ളൽമൂലം. ഫ്രാൻസിലെ വീരധീര സേനാനിയായിരുന്ന മാർഷൽ ഫോഷ് ജപമാല എത്തിച്ചുകൊണ്ടു് മുന്നേറി. ഈ ജപമാലയാണു്, തന്നെ ഉയർത്തിയതെന്നു്, സദാ വിളിച്ചുപറഞ്ഞിരുന്നു, അദ്ദേഹം. ജപമാല സദാ ധരിച്ചിരുന്നു, പടത്തലവനായിരുന്ന മാർഷൽ ഫോഷ്.

വിജ്ഞനും അജ്ഞനും ഒരുപോലെ പ്രയോഗിക്കാവുന്ന ഒരു അണുബോംബാണു്, ഈ ജപമാല. ഒരു ജപംതന്നെ പലേ പ്രാവശ്യം ഉരുവിടുന്നതിൽ എന്തു് ഔചിത്യമെന്നു്, ചില യുക്തിവാദികൾ ചോദിച്ചേക്കാം. ചോറുതന്നെ എന്നും പലേ പ്രാവശ്യം നാം ഭക്ഷിക്കുന്നു. എന്തിനു്, ഇത്രമാത്രം ചോറു് ഉണ്ണുന്നുവെന്നു ചോദിക്കുന്നതിനു സമമാണീ ജല്പനം.

അമ്മയോടുള്ള മക്കളുടെ സ്നേഹം അസ്ഥാനത്തല്ല. ജപമാല അമ്മയെ പ്രകീർത്തിക്കുന്നതാണു്. അമ്മയുടെ ആശിസ്സും അനുഗ്രഹവും ഉണ്ടെങ്കിൽ ശുഭം നമുക്കു്. അമ്മയും നിലവുമുള്ളപ്പോൾ ഭയപ്പെടേണ്ടായെന്നു് ഒരു ചൊല്ലുണ്ടു്. ഈ അമ്മ, നമ്മുടെ പൊതു അമ്മയാണു്. ഈശോ മരിക്കുന്ന സന്ദർഭത്തിൽ പരിശുദ്ധ കന്യകാമറിയത്തെ നമുക്കു് അമ്മയായി തന്നു. "Truth lies in the lips of dying man- മരിക്കുവാൻ പോകുന്ന മനുഷ്യൻ കളവു പറയുകയില്ലാ" എന്നു മഹാകവി, മാത്യു ആർനോൾഡ് "ഷോറബും റസ്റ്റവും" എന്ന വിശ്വവിഖ്യാതകൃതിയിൽ പറയുന്നു. മരിക്കാൻ സമയമടുത്തപ്പോൾ അമ്മയെ നമുക്കു കാണിച്ചുതന്നു, സ്നേഹരാജനായ ക്രിസ്തു. ആ അമ്മ, അന്നുമുതൽ ഇന്നുവരെ നമ്മെ സ്നേഹിച്ചു പരിപാലിക്കുന്നു. ജപമാലവഴിയായി നമുക്കും അമ്മയെ സ്നേഹിക്കാം.

---

# സഹകരണത്തിന്റെ അനന്തരഫലങ്ങൾ*

(ഫാ. സിറിയക്ക്, കണ്ണിപ്പള്ളിൽ, എം. സി. ബി. എസ്സ്.)

ഒരേ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് എവിടെയും ഒരു അധികാരി, അഥവാ നിയന്ത്രകൻ ഉണ്ടായിരിക്കുക സാധാരണമാണല്ലോ. സഹകരണം നമ്മുടെ അനുദിനകൃത്യങ്ങളെ ക്രമവൽക്കരിക്കയും സാമൂഹ്യജീവിതത്തെ നിയന്ത്രിച്ച് ലഘുതരമാക്കുകയും ചെയ്യുന്നതിനു പുറമെ, നമ്മുടെ സഹപ്രവർത്തകരോടുള്ള സദ്വർത്തനത്തിൽ നമ്മെ സ്ഥിരീകരിക്കയും ചെയ്യുന്നു.

ഏതു പ്രവർത്തനങ്ങളുടേയും നിയന്ത്രകൻ, ഒരു നാവികമേധാവിയെപ്പോലെ സ്വപ്രവർത്തകരുടെ പരിപാടികളൊക്കെയും കൃത്യമായി നിയന്ത്രിക്കുന്നു. ഒരു കപ്പലിന്റെ നായകൻ ഉദ്യോഗവശാൽ കൊടുങ്കാററുകളേയും, പിശറുകളേയും, കടലിലെ പാറക്കെട്ടുകളേയും, ആഴങ്ങളേയും തിരിച്ചറിയുന്നതുപോലെ തന്നെ, ഒരു പ്രസ്ഥാനത്തിന്റെ നേതാവ്—ഒരു സന്യാസസമൂഹത്തിന്റെ എങ്കിൽ പ്രത്യേകിച്ചും—തന്റെ ഉദ്യോഗംമൂലം ലബ്ധമായിരിക്കുന്ന ദൈവാനുഗ്രഹത്താൽ ആ ജീവിത തുറയിൽ നേരിടാവുന്ന വിപത്തുകളേയും അപകടങ്ങളേയും മുൻകൂട്ടി ഗ്രഹിച്ചുകൊണ്ടായിരിക്കും പ്രവർത്തിക്കുന്നതു്. അധികാരിയുടെമേലുള്ള ദൈവത്തിന്റെ ഈ പ്രത്യേക സംരക്ഷണത്തിൽ വിശ്വാസമുള്ള ഒരുത്തനും തന്റെ പ്രവർത്തനത്തിൽ നേരിട്ടേക്കാവുന്ന ക്ലേശങ്ങളേയോ ബുദ്ധിമുട്ടുകളേയോപററി അസ്വസ്ഥനാകേണ്ടതില്ല. കുരിശിന്റെ വിശുദ്ധ പൗലോസ് പ്രസ്താവിക്കുന്നതു കേട്ടാലും: "അധീനർ കൊച്ചുകുട്ടികളെപ്പോലെ അധികാരിയാൽ നിയന്ത്രിക്കപ്പെടുന്നതിനു് സർവഥാ ശ്രദ്ധയുള്ളവാരായിരിക്കട്ടെ; അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ ആനന്ദവും സമാശ്വാസവും കണ്ടെത്തട്ടെ; ഏതെങ്കിലും ഒരു ആജ്ഞ അവിവേകമായതെന്നു തോന്നിയാലും, തങ്ങളുടെ ഇച്ഛകൾക്കു വിരുദ്ധമായിരുന്നാലും, അതനുസരിക്കുന്നതിനു് സന്നദ്ധതയുള്ളവരായിരിക്കട്ടെ, എന്തുകൊണ്ടെന്നാൽ ആ അധികാരിവഴിയായി ദൈവംതന്നെ അവരോടു് ആജ്ഞാപിക്കയത്രെ ചെയ്യുന്നതു്."

പ്രസ്തുത ഉപദേശമനുസരിച്ചു നോക്കിയാൽഒരാളെ ഭരമേല്പിച്ചിരിക്കുന്ന ജോലി എത്ര നികൃഷ്ടമോ ക്ലേശകരമോ ആയി തോന്നിയാലും, അതിൽ അയാൾക്കു് സമാധാനം കണ്ടെത്താവുന്നതാണു്. മാത്രമല്ല, സ്വകൃത്യങ്ങൾ യഥാർത്ഥമായ ദൈവസ്നേഹത്തോടും വിനീതമായ സഹകരണബോധത്തോടുംകൂടി പൊതുഗുണത്തെ ലാക്കാക്കി ഓരോരുത്തനും നിർവഹിക്കുന്നുവെങ്കിൽ, അതിനാൽതന്നെ പുണ്യപരിപൂർണ്ണതയുടേയും സമാധാനത്തിന്റേയും ഫലങ്ങൾ അയാൾ പ്രാപിക്കാതിരിക്കയുമില്ല; എന്തുകൊണ്ടെന്നാൽ അപ്പോൾ അയാൾ വെറും ഒരു കൂലിക്കാരനെപ്പോലെയല്ല, പ്രത്യുത മിശിഹായുടെ മൗതികശരീരത്തിന്റെ ഒരു സജീവാംഗമായിട്ടും അവിടുത്തെ സ്നേഹത്താൽ സമ്പൂർണ്ണനും പ്രേരിതനും ആയിട്ടുമത്രെ അവ നിർവഹിക്കുന്നതു്.

ഈ സൽഫലം ഉളവാകുന്നതിനായി നമ്മുടെ അയൽക്കാരോടുള്ള പെരുമാററത്തിൽ സഹോദരസ്നേഹം മുന്നിട്ടുനിൽക്കണമെന്നു പറയേണ്ടതില്ലല്ലോ, എന്തെന്നാൽ ദൈവം നമ്മെ സ്വപുത്രന്റെ മൗതികശരീരാവയവങ്ങളാക്കിത്തീർത്തുകൊണ്ടു് മഹത്വീകരിക്കയാണു ചെയ്തിട്ടുള്ളതെന്നു് നാം വിസ്മരിക്കരുതു്. ഇപ്രകാരം നന്മയോ തിന്മയോ എന്തെങ്കിലും നാം പ്രവർത്തിക്കുമ്പോൾ അതു് പൊതുവിൽ എല്ലാവരേയും ബാധിക്കുന്നതാണു്. ആകയാൽ അന്യരെ സ്വർഗ്ഗപാഥയിലൂടെ നയിക്കുന്നതിനോ അതിൽനിന്നു തടയുന്നതിനോ പോരുന്നവയായിരിക്കും നമ്മുടെ പ്രവൃത്തികളൊക്കെയും.

---

*കാർമ്മൽ പു. 6 ലക്കം 2 വശം 54-ൽനിന്നു തുടർച്ച.

## പുതിയ പുസ്തകങ്ങൾ

1. പാടുന്ന പൈങ്കിളി–രചയിതാവ്: സെബാസ്റ്റ്യൻ ആലക്കാട്ടുശേരി, വശങ്ങൾ 10; പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ നോത്ത് P. O. 1956; വില 1 ണ

ശ്രുതിസുഭഗമായ സംഗീതശബ്ദം മനുഷ്യരുടെ അന്തരാത്മാവിനെ സ്പർശിക്കുവാൻ സമർത്ഥമാണെന്നാണ് അഭിജ്ഞാഭിമതം. ഈ തത്വം ശരിക്കു മനസ്സിലാക്കിക്കൊണ്ടാണ് തിരുസഭാമാതാവ് അവളുടെ വിശുദ്ധ കർമ്മങ്ങളിൽ സംഗീതത്തിനു വളരെ പ്രധാനമായ ഒരു സ്ഥാനം നൽകിയിരിക്കുന്നതു്.

നല്ലതെല്ലാം നമ്മുടെ നന്മയ്ക്കായിട്ടാണ് ജഗൽപിതാവ് നൽകിയിരിക്കുന്നതെങ്കിലും, അതിനെ ദുർവിനിയോഗിച്ചാൽ ഗുണത്തിനു പകരം ദോഷമായിരിക്കും സംസിദ്ധമാകുന്നതു്. ഈ തകരാറ് മററെല്ലാം ശാഖകളിലുമെന്നപോലെ സംഗീതത്തിലും കടന്നുകൂടിയിട്ടുണ്ട്.

താദൃശമായ വിപത്തിൽനിന്നും സംഗീതാഭിരുചിയുള്ള കത്തോലിക്കരെ രക്ഷിക്കുന്നതിനും അതേസമയം അവരിലുള്ള സ്വാഭാവികമായ സംഗീതവാസനയെ പുലർത്തി നേരായ മാർഗ്ഗത്തിൽക്കൂടി ദൈവത്തിലേക്ക് തിരിച്ചുവിടുന്നതിനും ഈദൃശമായ കൃതികൾ ഇന്നു വളരെ ആവശ്യമാണ്. 'പാടുന്ന പൈങ്കിളി' പ്രസ്തുത പ്രശ്നത്തിനു തന്നാൽ കഴിയുന്ന ഒരു പ്രതിവിധി നൽകിയിട്ടുണ്ട്. വെറുതെ വാക്കുകൾ നിരത്തിവച്ച് "മട്ട്" എങ്ങനെയെങ്കിലും ഒപ്പിക്കുകയല്ല ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നതു്. പദഘടന തന്നെ ശ്രവണമധുരമാണ്. മാത്രമല്ല, മിക്കഗീതകങ്ങളിലും കവിതകളിൽ കാണുന്നതുപോലുള്ള ആശയങ്ങളും അലങ്കാരങ്ങളും മററും കാണുന്നുണ്ട്.

'ആമയമാകുന്നൊരാഴമുള്ളാഴിയിൽ  
ജീവിതത്തോണിതുഴഞ്ഞിടുമ്പോൾ  
മുടിചൂടിശാന്തിതൻ പാൽക്കുടവുമേന്തി,  
വരികമ്മേ ഞങ്ങൾക്ക് ആശ്രയമായ്.'

ഇതിന് ഒരു ഉദാഹരണമാണ്.

സിനിമാരീതിയിലാണ് മിക്ക ഗീതങ്ങളും എഴുതിയിരിക്കുന്നതു്. എന്നാൽ അതു എത്രതന്നെ നല്ലതായി തോന്നിയാലും ദേവാലയങ്ങളിൽ അതു് അലപിച്ചുകേൾക്കുമ്പോൾ സിനിമാഹാളിന്റെ ഒരു പ്രതീതി ഉണ്ടാകാൻ ഇടയുണ്ട്. അതിനാൽ ഇതുപോലുള്ള വേറെ പുസ്തകങ്ങൾ എഴുതുമ്പോൾ ദേവാലയത്തിന്റെ പാവനാന്തരീക്ഷത്തിന് കോട്ടം വരാത്തവിധത്തിലുള്ള, പഴയതെങ്കിലും ഭക്തദ്യോതകമായ പാട്ടുകൾകൂടി ഉൾക്കൊള്ളിക്കാൻ ഗ്രന്ഥകർത്താവ് ശ്രമിക്കുമെന്നു വിശ്വസിക്കുന്നു.

പന്ത്രണ്ടു് ചെറു ഗാനങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം തൽകർത്താവിനെ പ്രശംസാപാത്രമാക്കിയിട്ടുണ്ട്. വെറും ഒരണമാത്രം വിലയുള്ള ഈ 'പാടുന്നപൈങ്കിളി' എല്ലാ കത്തോലിക്കാ കുടുംബങ്ങളിലും ഗാനാലാപനം ചെയ്യട്ടെ. ഇതുപോലുള്ള സൽകൃതികൾ ഇനിയും ഗ്രന്ഥകർത്താവിൽനിന്നും ലഭിക്കട്ടെ. (F. A.)

(2) വനിതാദർശം അഥാ വി. എലിസബത്ത്: ഗ്രന്ഥകർത്താക്കൾ. കൊച്ചീരൂപതയിലെ നവവൈദികന്മാർ. പ്രസാധകർ. എസ്. എച്ച്. ലീഗ്. ആലുവാ നോത്ത്. P. O. വശം 190, നാലാംപതിപ്പ്, 1956. വില 14 അണ.

13-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന 'ഹംഗറിയിലെ വി. എലിസബത്തുരാജ്ഞിയുടെ ജീവചരിത്രം. മണിമാളികകളിൽ സാനന്ദം വിഹരിക്കുന്ന പട്ടമഹിഷികൾക്കും കൊടുംദാരിദ്ര്യത്തിൽപ്പെട്ടുഴലുന്ന ഗ്രാമീണകന്യകകൾക്കും വിരഹതാപമനുഭവിക്കുന്ന വിധവകൾക്കും കന്യകാലയങ്ങൾക്കുള്ളിൽ ഒതുങ്ങി ജീവിക്കുന്ന കന്യകകൾക്കുമെല്ലാം ഒരു മഹനീയ മാതൃകയാണ് വി. എലിസബത്തിന്റെ ജീവിതകഥ. വീരോചിതമായ പുണ്യാഭ്യസനത്തിൽ അവർ കാണിച്ചിരുന്ന ശുഷ്കാന്തിയും അസാമാന്യമായ ധൈര്യവും ഓരോ ദൈവസ്നേഹിക്കും പ്രചോദനം നൽകുന്നവയാണ്.

രസകരങ്ങളും അൽഭുതാവഹങ്ങളുമായ അനേകം സംഭവങ്ങൾ ഈ ഗ്രന്ഥത്തിൽ തത്കർത്താക്കൾ സമൃക്കായി പ്രതിപാദിച്ചിട്ടുണ്ട്. രാജ്ഞിയായി മണിമേടയിൽ ആനന്ദിച്ചപ്പോഴും സർവ്വരാലും പരിത്യക്തയായി ഭിക്ഷാടനത്തിൽ ഏർപ്പെടേണ്ടിവന്നപ്പോഴും ഒരുപോലെ ദൈവഹിതത്തിനു കീഴ്പ്പെട്ടു ജീവിച്ച ഈ മഹിളാമണിയുടെ പുണ്യമാതൃക വായിച്ചറിഞ്ഞിരിക്കുന്നതു് അപകടസാഹചര്യങ്ങളിൽ ജീവിക്കുന്ന നമുക്കെല്ലാവർക്കും തികച്ചും പ്രയോജനകരമത്രേ.

(B. C.)

# വി. യോഹന്നാൻക്രൂസ്സിന്റെ

# കർമ്മലഗിരിയാരോഹണം

## പുസ്തകം 1 അദ്ധ്യായം 4 *

[ദിവ്യൈക്യത്തിലേയ്ക്കുള്ള പ്രയാണത്തിൽ ആശാനിഗ്രഹമാകുന്ന ഇന്ദ്രിയങ്ങളുടെ രാത്രിയിൽക്കൂടെ യഥാർത്ഥത്തിൽ കടക്കേണ്ടതു് എത്രയോ ആവശ്യമെന്നു് ഇവിടെ പ്രസ്ഥാവിക്കുന്നു.]

1. ദൈവൈക്യം പ്രാപിക്കുന്നതിന് ആത്മാവ്, ആശാനിഗ്രഹത്തിന്റെയും സമസ്തവസ്തുക്കളിലുമുള്ള അഭിരുചിയുടെ പരിവർജ്ജനത്തിന്റെയും അന്ധകാരനിബിഡമായ രാത്രിയിൽക്കൂടെ കടക്കേണ്ടതു് ആവശ്യമാണ്. അതിന്റെ കാരണം മറ്റൊന്നുമല്ല. ആത്മാവ് സൃഷ്ടികളിൽ വയ്ക്കുന്ന എല്ലാപക്ഷങ്ങളും ദൈവതിരുമുമ്പിൽ വെറും കൂരിരുട്ടുമാത്രമാണ്. അതു ദൂരത്താകുന്നതിനുമുമ്പ് അതിനാൽ ആവൃതമായിരിക്കുന്ന ആത്മാവിനു പരിശുദ്ധവും ശാന്തസുന്ദരവുമായ ദൈവരശ്മി പ്രാപിക്കുന്നതിനോ അതിനാൽ പ്രകാശിതമാകുന്നതിനോ സാദ്ധ്യമല്ല; എന്തെന്നാൽ വെളിച്ചവും ഇരുട്ടും തമ്മിൽ യോജിക്കുകയില്ലല്ലോ. അതുകൊണ്ടത്രേ വി. യോഹന്നാൻ ശ്ലീഹാ പറയുന്നതു്: "അന്ധകാരം അതിനെ ഗ്രസിച്ചില്ല"(1) എന്ന്; അതായതു്, അന്ധകാരത്തിനു കഴിവില്ലായിരുന്നു പ്രകാശം സ്വീകരിക്കാൻ

2. കാരണം എന്തെന്നുവച്ചാൽ, രണ്ടു വിരുദ്ധവസ്തുക്കൾ (തത്വശാസ്ത്രം പഠിപ്പിക്കുന്നതുപോലെ) ഒരേകവ്യക്തിയിൽ ഒന്നിച്ചുസ്ഥിതിചെയ്യുകയില്ല. സൃഷ്ടികളോടുള്ള പക്ഷങ്ങളാകുന്ന അന്ധകാരവും ദൈവമാകുന്ന പ്രകാശവും പരസ്പരവിരുദ്ധങ്ങളാകുന്നു; അവ തമ്മിൽ യാതൊരു സാദൃശ്യവും യോജിപ്പും ഇല്ലതാനും. കൊറീന്ത്യാക്കാർക്കുള്ള ലേഖനത്തിൽ വി. പൗലോസ്ശ്ലീഹാ അതു പഠിപ്പിക്കുന്നുണ്ടു്: "വെളിച്ചത്തിനു് ഇരുട്ടിനോടു് എന്തു കലർച്ചയുണ്ടു്" (2)അതായതു്, പ്രകാശവും ഇരുട്ടും തമ്മിൽ എന്തു ബന്ധമുണ്ടു്? ആകയാൽ, ഈ പക്ഷങ്ങളെല്ലാം ആത്മാവിനെ വിട്ടകലാതെ, ദൈവൈക്യത്തിന്റെ പ്രകാശം അതിൽ വസിക്കുക സാദ്ധ്യമല്ല.

